www.sdpathram.com
# സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

18 January 2017
Vol.15 Issue 1

RNI. No. KERMAL 2002/9730 | RGN. # KL/KTM/66/2015-2017 | Price Rs. 10/- per copy | Pages 12

# കുമ്പനാട് കൺവൻഷൻ ആരംഭിച്ചു
## ദൈവവചന ചിന്തകൾ സമൂഹത്തിന് പ്രകാശം പരത്തും: പാസ്റ്റർ ജേക്കബ് ജോൺ




**കുമ്പനാട്:** സ്വർഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനത്തിലെ അമൂല്യമായ ചിന്തകൾ സമൂഹത്തിന് പ്രകാശം പരുത്തുമെന്ന് ഐപിസി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പഞ്ഞു. 93–ാമത് കുമ്പനാട് കൺവൻഷൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം, വിശ്വാസവും പ്രത്യാശയുമാണ് ആത്മിയ ജിവിതത്തിന് അടിസ്ഥാനമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ജോ. സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ് സ്വാഗതം പറഞ്ഞു. പാസ്റ്റർമാരായ സാംകുട്ടി ചാക്കോ, സണ്ണികുര്യൻ, കെ.ജെ. തോമസ് എന്നിവർ പ്രസംഗിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ പാസ്റ്റർമാരായ കെ.സി. ജോൺ, വിൽസൺ ജോസഫ്, തോമസ് ഫിലിപ്പ്, റ്റി. വൽസൻ ഏബ്രഹാം, ഫിന്നി സാമുവൽ, കെ.സി. തോമസ്, ഷിബു തോമസ്, ബാബു ചെറിയാൻ, ബേബി വർഗ്ഗീസ്, ഷിബു നെടുവേലിൽ, വർഗ്ഗീസ് ഏബ്രഹാം, ബി. മോനച്ചൻ, സാം ജോർജ്ജ്, കെ. ജോയി, ഫിലിപ്പ് പി. തോമസ്, ജെയിംസ് ജോർജ്ജ് എന്നിവർ പ്രസംഗിക്കും.

കൺവൻഷനോടനുബന്ധിച്ച് മിഷണറി സമ്മേളനം ബൈബിൾക്ലാസ്, പ്രവാസി സമ്മേളനം, സണ്ടേസ്കൂൾ, പിവൈപിഎ വാർഷികം, യുവജന സമ്മേളനം എന്നിവ നടക്കും. 22 ന് 7 ന് പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കുന്ന തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം.വി.വർഗ്ഗീസ് നേതൃത്വം നൽകും. പാസ്റ്റർ തോമസ് വി. കോശി അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ കെ. എം. ജോസഫ് വചനശുശ്രൂഷ നടത്തും. തുടർന്ന് സംയുക്ത സഭായോഗവും സമാപന സമ്മേളനവും നടക്കും. കർണ്ണാട സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി. തോമസ് അദ്ധ്യക്ഷത വഹിക്കും. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ, പാസ്റ്റർ ഷാജി ദാനിയേൽ എന്നിവർ പ്രസംഗിക്കും. സാം കുഴിക്കാല ചെയർമാനായും പാസ്റ്റർ റോയി പൂവക്കാല കൺവീനറായുമുള്ള ക്വയർ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും.

## പെയ്ഡ് പ്രഭാഷകരുടെ പ്രളയം

ഈ വർഷത്തെ കുമ്പനാട് കൺവൻഷനിൽ പ്രഭാഷകരിൽ പലരും പണം നൽകി പ്രോഗ്രാം സമ്പാദിച്ചതാണെന്നാക്ഷേപം. അർഹരായ പലരേയും ഒഴിവാക്കുകയോ ഒതുക്കുകയോ ചെയ്തിട്ടുണ്ട്. ഒരു പ്രാദേശിക സുവിശേഷ യോഗങ്ങളിൽപോലും പ്രസംഗിച്ചിട്ടില്ലാത്ത ചിലർക്ക് പ്രധാന ദിവസങ്ങളിലെ രാത്രി യോഗങ്ങളിൽ പ്രോഗ്രാം നൽകിയിട്ടുണ്ട്. ജനപ്രിയ പ്രഭാഷകരായ പാസ്റ്റർമാരായ കെ.ജെ. തോമസ്, ഫിലിപ്പ് പി. തോമസ്, സണ്ണി കുര്യൻ എന്നിവർക്ക് പ്രാരംഭ രാത്രികളിൽ പ്രോഗ്രാം നൽകിയതിൽ വിശ്വാസികൾക്കിടയിൽ പ്രതിഷേധം ഉണ്ട്. മിക്ക യോഗങ്ങളിലും നാലും അഞ്ചും പ്രസംഗകരെയും നിരവധി ആശംസാ പ്രസംഗകരേയും തിരുകി കയറ്റിയിട്ടുണ്ട്. മുഖ്യ പ്രഭാഷകരായി ക്ഷണിച്ച പാസ്റ്റർമാരായ പ്രതാപ്സിംഗ്, ജേക്കബ് കെ. തോമസ് എന്നിവർക്ക് ഓരോ ദിവസങ്ങളിൽ മാത്രമെ പ്രോഗ്രാം നൽകിയിട്ടുള്ളു.



ഐ.പി.സി. കൊട്ടാരക്കര മേഖലാ പ്രസിഡന്റ് പാസ്റ്റർ ഇ.സി. ജോർജ്ജ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

## ഐപിസി കൊട്ടാരക്കര മേഖലാകൺവൻഷൻ സമാപിച്ചു

**കൊട്ടാരക്കര:** ഐപിസി കൊട്ടാരക്കര മേഖലാ 57–ാ മത് കൺവൻഷൻ സംയുക്ത സഭായോഗത്തോടെ സമാപിച്ചു. 8 ന് ഞായറാഴ്ച രാവിലെ 8 ന് ആയിരങ്ങൾ പങ്കെടുത്ത തിരുവത്താഴ ശുശ്രൂഷക്ക് പാസ്റ്റർ ഇ.സി. ജോർജ് നേതൃത്വം നൽകി. പാസ്റ്റർ ബഞ്ചമിൻ വർഗീസിന്റെ അധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനത്തിൽ പാസ്റ്റർമാരായ സാം ജോർജ്, കെ.എം. ജോസഫ് എന്നിവർ പ്രസംഗിച്ചു.

4 ന് വൈകിട്ട് 6 ന് പാസ്റ്റർ ഡാനിയേൽ ജോർജിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാസ്റ്റർ ഇ.സി. ജോർജ് ഉദ്ഘാടനം ചെയ്തു. വിശ്വാസികൾ ഭൗതി നന്മയിൽ മാത്രം ആശ്രയിക്കാതെ ജീവിത വിശുദ്ധി കാത്തു സൂക്ഷിച്ച് കർത്താവിന്റെ വരവിനുവേണ്ടി ഒരുങ്ങണമെന്ന് ആഹ്വാനം ചെയ്തു. പാസ്റ്റർമാരായ കെ.ജെ. തോമസ്, തോമസ് ഫിലിപ്പ്, ജോൺ എസ് മരത്തിനാൽ, വർഗീസ് ഏബ്രഹാം, ജോൺസൻ മേമന, ഫിലിപ്പ് പി. തോമസ്, ജോൺസൻ ഡാനിയേൽ, ബാബു ചെറിയാൻ, വർഗീസ് മത്തായി, സാജു മാത്യു, മോനി കരിക്കം, കുഞ്ഞപ്പൻ വർഗീസ് എന്നിവർ പ്രസംഗിച്ചു

ജെയിംസ് ജോർജ്, പാസ്റ്റർ ജയിംസ് അലക്സാണ്ടർ, കെ.പി. തോമസ്, പി.എം. ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി. പാസ്റ്റർ ജേക്കബ് ജോർജിന്റെ നേതൃത്വത്തിലുള്ള പത്തനാപുരം സെന്റർ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലുള്ള ഇരുപത് സെന്റർ/ഏരിയകളിൽ നിന്നുമായി ആയിരക്കണക്കിനാളുകൾ യോഗങ്ങളിൽ സംബന്ധിച്ചു.

സ്വർഗീയധ്വനി

**സ്വർഗീയധ്വനിയുടെ താൽക്കാലിക ഓഫീസ് കൺവൻഷൻ ദിവസങ്ങളിൽ കുമ്പനാട് ഹെബ്രോൺപുരത്ത് പ്രവർത്തിക്കുന്നതാണ്. വരിസംഖ്യ പുതുക്കുന്നതിനും പുതിയവരിക്കാരാകുന്നതിനുമുള്ള അവസരം പരമാവധി പ്രയോജനപ്പെടുത്തുമല്ലോ.**

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൺവൻഷൻ ജനു. 23ന്



പാസ്റ്റർ സി. സി.തോമസ്



പാസ്റ്റർ ബാബു ചെറിയാൻ



പാസ്റ്റർ ജോൺ തോമസ്



പാസ്റ്റർ സണ്ണി താഴാംപള്ളം



പാസ്റ്റർ പി. ആർ. ബേബി



പാസ്റ്റർ എം.കുഞ്ഞപ്പി

**തിരുവല്ല:** ഇന്ത്യ പൂർണ്ണ സുവിശേഷ ദൈവസഭ 94–ാം കേരളാ സ്റ്റേറ്റ് കൺവൻഷൻ ജനുവരി 23 മുതൽ 29 വരെ തിരുവല്ല ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ നടക്കും.

23ന് (തിങ്കൾ) വൈകിട്ട് 5.30ന് സഭയുടെ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി. തോമസ് ഉദ്ഘാടനം ചെയ്യും. അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി. ജി. മാത്യൂസ് അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ ബാബു ചെറിയാൻ പിറവം വചനപ്രഘോഷണം നടത്തും. ഉദ്ഘാടനത്തിന് മുമ്പായി വൈകിട്ട് 3.30ന് കൺവൻഷൻ കൺവീനേഴ്സിന്റെ യോഗവും നാലിന് പാസ്റ്റേഴ്സ് മീറ്റിംഗും നടക്കും.

24നും 25ന് രാവിലെ 9.30ന് പാസ്റ്റേഴ്സ് കോൺഫറൻസ്, 26ന് 9.30ന് ലേഡീസ് മിനിസ്ട്രീസ് സമ്മേളനം, രണ്ടുമണിക്ക് മിഷനറി സമ്മേളനം, 27ന് രാവിലെ 9ന് ബൈബിൾ കോളജുകളുടെ ബിരുദദാനം, രണ്ടിന് ബോർഡുകളുടെ സംയുക്ത സമ്മേളനം, 28ന് രാവിലെ എട്ടിന് സ്നാനം, 9.30ന് ഉണർവ്വ് യോഗം, രണ്ടിന് സൺഡേസ്കൂൾ- ഥ.ജ.ള വാർഷിക സമ്മേളനം, 29ന് രാവിലെ എട്ടിന് സംയുക്ത സഭായോഗവും തിരുവത്താഴശുശ്രൂഷയും തുടർന്ന് സമാപനസമ്മേളനവും നടക്കും. ദിവസവും വൈകിട്ട് 5.30ന് സുവിശേഷ സമ്മേളനം നടക്കും.

വിവിധ ദിവസങ്ങളിൽ പാസ്റ്റർമാരായ ജോൺ തോമസ്, എം.കുഞ്ഞപ്പി, ഷിബു തോമസ്, ഡോ. മാത്യു ജോർജ്ജ്, സണ്ണി താഴാംപള്ളം, പി. ആർ. ബേബി, പി. ഐ. ഏബ്രഹാം കാനം, റെജി ശാസ്താംകോട്ട, പി. സി. ചെറിയാൻ, ജെ. ജോസഫ് എന്നിവർ പ്രസംഗിക്കും. കാത്തിരിപ്പുയോഗം, ബൈബിൾ ക്ലാസ്, ധ്യാനം എന്നിവയും വിവിധ സെഷനുകളിലായി ഉണ്ടാകും. പകൽയോഗങ്ങളിലും സുവിശേഷ സമ്മേളനങ്ങളിലും വിവിധ സ്റ്റേറ്റ് ഓവർസിയർമാരും സഭയുടെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ചുമതലക്കാരും ഡിസ്ട്രിക്റ്റ് പാസ്റ്റർമാരും പ്രഭാഷണം നടത്തും.

ഞ.എ. കുക്ക് എന്ന വിദേശ മിഷണറിയാണ് സഭയ്ക്ക് ഇന്ത്യയിൽ തുടക്കും കുറിച്ചത്. യു. തോമസ് ആണ് ആദ്യ ഓവർസിയർ. ഇപ്പോൾ കേരളത്തിൽ 1250 സഭകളും 1400 പാസ്റ്റർമാരും സഭയ്ക്കുണ്ട്. വിവിധ സാമൂഹിക–സുവിശേഷീകരണ രംഗത്ത് സഭ സജീവമാണ്. വിവിധ യോഗങ്ങളിൽ പാസ്റ്റർമാരായ വൈ. റെജി, ഏ.റ്റി ജോസഫ്, വൈ. ജോസ്, ഈപ്പൻ ചെറിയാൻ, തോമസുകുട്ടി ഏബ്രഹാം, ഷിബു കെ. മാത്യു, ബാബു ചെറിയാൻ, റ്റി. എം. മാമച്ചൻ തുടങ്ങിയവർ നേതൃത്വം നൽകുമെന്ന് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി. തോമസ് അസിസ്റ്റന്റ് ഓവർസിയർ പി. ജി. മാത്യൂസ്, സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി ജെ. ജോസഫ്, മീഡിയ കൺവീനർ പാസ്റ്റർ സാംകുട്ടി മാത്യു, പ്ലാനിങ് ബോർഡ് സെക്രട്ടറി ജോസഫ് മറ്റത്തുകാല എന്നിവർ അറിയിച്ചു.

# MY MOM - MY MENTOR



**Shirley Chacko**
Arlington




It has been said that a mother's heart is the child's classroom. I thank God for all that my mom, Mrs. Mary Abraham, has taught me through the years. She is a portrait of a godly mother, and I am proud to be her youngest daughter. November 28th, 1991 was when I left Kerala to pursue my higher studies at Prairie Graduate School in Calgary, Canada. Mummy had given me a hand written notebook with instructions for adapting to the western culture and the Bible College surroundings. Twenty five years later, November 26, 2016, Mummy went to her eternal home. Mummy's last visit to USA was in August 1996 when my marriage took place in Seattle to Vijai Chacko.

At a very young age, Mummy taught me the importance of having a relationship with God. Although the day ahead had a hectic schedule, the priority was set. Starting each day with family prayer at 5 am was the basic rule. Mothers and fathers are the most natural agents for God to use in the salvation of their children. I know their prayers, along with their example in ministry, helped shape my heart to love Jesus and others. Since my early youth, no teaching ever made such an impression upon my mind as the instruction of my mother.

A very hard-working and disciplined lady, Mummy was an outstanding person of Christian character and service. As a secular school and bible school teacher, she has earned great respect and accreditation for meritorious service. She has contributed in various ways to the work of the IPC and the extension of His Kingdom. Mummy was 10 years old when 'The India Pentecostal Church of God' was registered with the Government of India under the Societies Act XXI of 1860 at Eluru on December 9, 1935.

Mummy worked as a teacher and then as a Principal and Inspectress of 106 schools for 33 and half years in the twin cities of Hyderabad and Secunderabad. After busy days of teaching, she took care of her father (late Pastor P.T. Chacko) needs, raised us four children, served as an accurate translator for her father's peaching and for numerous other evangelists, pastors and foreign missionaries. She was a woman of principle and faithful in every aspect of her life. Mummy stood firm and courageous for her faith, and encouraged many others.

Abraham Lincoln once said, "No man is poor who has a godly mother……I remember my mother's prayers and they have followed me. They have clung to me all my life". Mummy was a prayer warrior, early morning and nights she was in intercession for different needs of ministry, church and family. She taught me to pray, read my bible and memorize portions of scriptures. Saturday late afternoons were spent making sure we had memorized our bible verses for Sunday. She spent many hours praying with me



to be filled with the baptism of the Holy Spirit. During times of trials and setbacks in my life, mummy's constant prayers, advice and encouragement have sustained me and brought me thus far.

In 1980, when Hebron Ammachi passed away, Mummy took voluntary retirement and moved to Kumbanad. I was a teenager at this time and she taught me how to budget, manage the household finances, take care of Appachen's needs in Secunderabad, and instilled in me the importance of tithing from the monthly allowance she gave me. By relocating to Kumbanad, she began another phase of ministry along with Daddy and they divided their time, resources and energy between Kumbanad and Secunderabad. Very often, personal comfort and family life was sacrificed, several hardships endured for the extension of the Kingdom of God.

The description of a virtuous woman from Proverbs 31 can be applied to Mummy's life, "Mummy would wake up early and plan the day's work with the kitchen staff. She watched carefully all that went on in the household and was never lazy." Mummy disliked wasting time, she constantly stated that time is precious and always encouraged us to be productive. She planned tasks and schedules ahead of time and was always prepared for any situation. Her organizational skills, punctuality and time management always served and continue to serve as a role model for me.

Mummy taught me to be faithful no matter what the cost. If a responsibility was given to me, I learned to be faithful to complete it. If I give my word, I am faithful to keep it. Mom taught me to be faithful to our word and to be faithful to God and His Word. When I last saw mummy on March 5th 2016, both mummy and daddy prayed very specially for me - especially for the responsibilities as the ladies coordinator of the 14thNorth American IPC Family Conference. Mummy's prayers and God's grace enabled me to fulfil my responsibility to the best of my ability and to be faithful to my word in spite of several challenges that came my way before the conference.

She encouraged me to write short articles from an early age for The Gospel Herald - monthly magazine in English that was founded in 1938 by my grandfather, (late Pastor P T Chacko) which ministered to many in India and abroad for 44 years. I am thankful that because of Mummy's encouragement - Iam now able to write articles in English for Swargeeyadwani.

Staying with appachen in Secunderabad while Mummy and Daddy were in Kumbanad, there were circumstances that were difficult for me at times. She taught me the difference between right and wrong and taught me to make proper decisions. No, I have not done everything right. Yes, I have made mistakes in the past. But God is forgiving, and the words of my mom always came to me in my time of need. God has been faithful to answer the prayers she prayed over the years. I am grateful for my mom's prayers, love, discipline and exemplary life.




Mummy was not only a teacher, but also a leader. Her gracious confidence meant taking the many gifts that God had placed in her, developed them as fully as she could and also inspired others to develop their gifts. Her leadership style blended with strength and humility along with service to others. Sometimes it seems too much to keep going when the struggles of leadership became intense and multilayered. But through it all, Mummy taught me to allow time and God's faithful, relentless graceto complete its work of transformation in many situations.As a leader, she never climbed for reaching some pinnacle of suc-


*(Continue to page 9)*

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

| | | |
|---|---|---|
| Chairman | : | **James T. Samuel** |
| Managing Editor | : | **Joy Thumpamon** |
| Chief Editor | : | **Finny P. Mathew** |
| Editorial Director | : | **Oommen Ebenezer** |
| General Editor | : | **Pr. Sam T. Mukhathala** |
| Circulation Manager | : | **K. C. Jacob** |
| Editor (English) | : | **Shirley Chacko** |
| Overseas Editors | : | **Sunny Thazhampallom** |
| | | **Sheenamol Joseph** |
| General Co-ordinator | : | **Pr. Binu Cheriyan** |
| Co-ordinators | : | **George Samuel** |
| | : | **Jose K. Varghese** |
| | : | **Anu Samuel** |
| | : | **Pr. Sajan Easo Plachery** |

# സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ ദൈവസഭ 21

## വചനത്തിന് പ്രാധാന്യം കൽപിക്കാത്ത സഭ






പാസ്റ്റർ ഫിലിപ്പ് പി. തോമസ്

കേരളത്തിലെ പെന്തെക്കോസ്തു സഭകളിലേക്ക് കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ ലക്ഷങ്ങൾ ഒഴുകിയെത്തി. കെട്ടുറപ്പും, വലിയപള്ളികളും, സ്ഥാപനങ്ങളും ഉള്ള കേരളത്തിലെ പാരമ്പര്യ സഭകൾ ഉപേക്ഷിച്ച് പെന്തെക്കോസ്തു വിശ്വാസത്തിലേക്ക് ജനം ആകർഷിക്കപ്പെടുവാൻ വ്യക്തമായ കാരണങ്ങൾ ഉണ്ടായിരുന്നു. ആരാധനാലയങ്ങളോ സെമിത്തേരികളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഒന്നും ഇല്ലാതിരുന്ന കൂട്ടായ്മയിലേക്ക് ജനത്തെ ആകർഷിച്ചത് – ദൈവവചനത്തോടുള്ള പ്രതിബദ്ധത, ആത്മനിറവിലുള്ള ആരാധന, ഇടയപരിപാലനം എന്നിവയായിരുന്നു. കലർപ്പില്ലാതെ ദൈവവചനം പ്രസംഗിക്കുകയും, അതിനനുസരിച്ച് സാക്ഷ്യമുള്ള ജീവിതം കാഴ്ചവക്കുകയും ചെയ്ത പിതാക്കന്മാർ ഇപ്പോൾ ഓർമ്മയിൽ മാത്രം ഒതുങ്ങുന്നു. പട്ടിണിക്കു ചീട്ടുംവാങ്ങി സുവിശേഷ വേലക്കിറങ്ങിയ പിതാക്കന്മാർ വിശ്വാസത്താൽ ജീവിച്ചു. എന്നാൽ പലർക്കും ഇന്ന് സുവിശേഷവേല ഒരു ജീവിത മാർഗ്ഗമായും, ചുരുക്കം ചിലർക്ക് മുതൽ മുടക്കില്ലാത്ത വൻ ബിസിനസുമായി. ആത്മീയരാധനക്കു പകരം അശുദ്ധരിൽ വ്യാപരിക്കുന്ന ദുരാത്മാവിന്റെ കോപ്രായങ്ങളും അരങ്ങേറി തുടങ്ങി. അതിലേറെ അപകടകരമായത്, ദൈവവചനത്തോടുള്ള അവഗണനയാണ്. ദൈവവചനത്തിന് പ്രാധാന്യം കൊടുക്കുന്ന പ്രഭാഷകരെ പരിഹസിക്കുന്നത് ചില ജനപ്രിയ പ്രഭാഷകരുടെ ശൈലിയായും മാറിയിരിക്കുന്നു.

ദൈവവചനത്തിന്റെ പ്രാധാന്യം കുറക്കുന്ന ഏതൊരു സഭയും താമസിയാതെ ഒരു 'കൾട്ട്' ഗ്രൂപ്പായി മാറും. പൗലോസിന്റെ ഭാഷയിൽ – "വേറൊരു ആത്മാവ്... വേറൊരു സുവിശേഷം... മറ്റൊരു യേശു...." ഇവിടെ അരങ്ങു വാഴുകയാണ്. ജീവിതവിശുദ്ധിക്ക് പ്രാധാന്യം കുറയുന്നു. വിശുദ്ധി നോക്കിയൊന്നുമല്ല ആത്മാവ് വരുന്നതെന്നും, പരിശുദ്ധാത്മാവ് വരുന്നത് നമ്മെ ശുദ്ധീകരിക്കാനാണെന്നും പറയുന്ന പ്രഭാഷകർ പാപം ചെയ്യാൻ ജനത്തിന് ലൈസൻസ് നൽകുകയാണ്. "എന്റെ ജനത്തിന് അത് ഇഷ്ടമാകുന്നു...." (യിര. 5:3). കലർപ്പില്ലാതെ ദൈവവചനം പ്രസംഗിച്ചാൽ ജനത്തിന് അത് കഠിന വാക്കാണ്.

ദൈവവചനത്തിന് 19–ാം സങ്കീർത്തനത്തിൽ കൊടുത്തിരിക്കുന്ന പര്യായപദങ്ങൾ ശ്രദ്ധേയമാണ്. യഹോവയുടെ ന്യായപ്രമാണം, യഹോവയുടെ സാക്ഷ്യം, യഹോവയുടെ ആജ്ഞകൾ, യഹോവയുടെ കൽപന, യഹോവയുടെ വിധികൾ എന്നീ പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട് (സങ്കീ. 119:7–9). യഹോവയുടെ വിധികളാണ് ദൈവവചനം. വിധി എന്നു പറഞ്ഞാൽ വാദമുഖങ്ങളല്ല, ഒരു വിഷയം സംബന്ധിച്ച് ന്യായാധിപതി പുറപ്പെടുവിക്കുന്ന അവസാന വാക്കാണ്. രാജ്യത്തെ കോടതി വിധികൾക്ക് അപ്പീൽ കോടതി ഉണ്ട്. ചിലപ്പോൾ വിധികൾ മാറ്റി പറയും. എന്നാൽ ദൈവവചനത്തിന് അപ്പീൽ കോടതി ഇല്ല. ദൈവസിംഹാസനത്തിൽനിന്നുള്ള അന്തിമ വിധിയാണ്. ഇതിന്റെ വള്ളിയോ പുള്ളിയോ മാറ്റുവാൻ ആർക്കും അധികാരം ഇല്ല. ഏതൊരു വിഷയത്തിന്റെയും അന്തിമവിധി ദൈവവചനമാണ്. നിർഭാഗ്യവശാൽ, സർക്കാർ നിയമങ്ങളും ലോകകോടതി വിധികളുമാണ് പലർക്കും പ്രധാനം. കോടതിയിൽ നിന്നും വിവാഹ മോചനം നേടിയവർ പുനർവിവാഹം ചെയ്യുമ്പോഴും, അവരുടെ വിവാഹം നടത്തുന്നവരും ദൈവകോടതിയുടെ വിധിയെ ലംഘിക്കുകയാണ്. സർക്കാർ നിയമങ്ങളും കോടതിവിധികളും മാത്രമല്ല സഭാ വിശ്വാസികൾ അംഗീകരിക്കേണ്ടത്. ദൈവവിധിയായ ദൈവവചനമായിരിക്കണം നമ്മുടെ അവസാനത്തെ വാക്ക്. അത് ലംഘിക്കുന്നവർക്ക് ജീയലിലല്ല ശിക്ഷ. നിത്യ നരകത്തിലാണ്.

ദൈവവചനത്തോടുള്ള അവഗണന കണ്ട് സങ്കീർത്തനക്കാരൻ ഇങ്ങനെ നിലവിളിച്ചു, "യഹോവ, ഇതുനിനക്ക് പ്രവർത്തിക്കുവാനുള്ള സമയമാകുന്നു, അവർ നിന്റെ ന്യായപ്രമാണം ദുർബലമാക്കിയിരിക്കുന്നു" (സങ്കീ. 119:126). ദൈവത്തെയും ദൈവവചനത്തെയും സ്നേഹിക്കുന്നവരുടെ ഹൃദയത്തിന്റെ തേങ്ങലാണിത്. വചനത്തെ ദുർബലമാക്കുകയും കോട്ടിമാട്ടികളകയും ചെയ്യുന്ന ഒരു പുതുതലമുറ പ്രഭാഷകർ വേദികൾ കൈയടക്കുകയും, അതിനനുസരിച്ച് കോലം തുള്ളുകയും ചെയ്യുന്ന പുതുതലമുറ സഭകളുടെ ഭരണ നിയന്ത്രണം കൈയാളുകയും ചെയ്യുമ്പോൾ ഭക്തന്മാർ നിലവിളിക്കട്ടെ.

യിസ്രയേൽ ജനതക്ക് മന്നായുടെ രുചി കുറഞ്ഞതുപോലെയാണ് ഇപ്പോൾ പെന്തെക്കോസ്തുകാർക്ക് വചനത്തിന്റെ മാധുര്യം കുറഞ്ഞിരിക്കുന്നത്. മന്നക്ക് തേൻകൂട്ടിയ ദോശയുടെ രുചിയായിരുന്നുവെന്ന് പുറപ്പാട് 16:31 ൽ പറയുന്നു. എന്നാൽ സംഖ്യാപുസ്തകം 11:8 ൽ അത് എണ്ണ പുരട്ടിയുണ്ടാക്കിയ ദോശപോലായിരുന്നു. സംഖ്യാപുസ്തകം 21 ൽ ജനം മന്നായെകുറിച്ച് പരാതിപറഞ്ഞു തുടങ്ങി. "....... ഈ സാരമില്ലാത്ത ആഹാരം ഞങ്ങൾക്ക് വെറുപ്പാകുന്നു......" (വാക്യം 5). അടുത്ത വാക്യത്തിൽ വായിക്കുന്നത്, ദൈവം ഇവരെ കടിക്കുവാൻ അഗ്നി സർപ്പത്തെ അയച്ചുവെന്നാണ്. ദൈവവചനത്തെ തിരസ്കരിക്കുകയും പുച്ഛിക്കുകയും ചെയ്യുന്നവർക്ക് ഇത് ഒരു താക്കീതാണ്. വചനം തള്ളിക്കളയുമ്പോൾ പിശാചിന്റെ കടിയേറ്റ് ആത്മീയ ജീവൻ നഷ്ടപ്പെടുകയാണ്. പിന്നീട് അവരിൽ വ്യാപരിക്കുന്നത് പരിശുദ്ധാത്മാവല്ല, വേറൊരാത്മാവാണ്. സംശയമില്ല.

ഏലിപുരോഹിതന്റെ കാലത്ത് ദൈവത്തിന്റെ പെട്ടകം ഫെലിസ്ത്യർ പിടിക്കുകയും മഹത്വം യിസ്രായേലിൽ നിന്ന് പൊയ്പോവുകയും ചെയ്തതും ഈ കാലത്ത് ചിന്തനീയമാണ്. 1ശമുവേൽ മൂന്നാം അധ്യായം ആരംഭിക്കുന്നത് "ആ കാലത്ത് യഹോവയുടെ വചനം ദുർലഭമായിരുന്നു" എന്നു പറഞ്ഞുകൊണ്ടാണ്. പാപത്തെ ശാസിക്കാത്ത പുരോഹിതന്റെ കാലത്ത് വചനം ദുർലഭമായിരുന്നു. നാലാം അധ്യായത്തിൽ യിസ്രായേൽ യുദ്ധത്തിൽ പരാജയപ്പെട്ടു തുടങ്ങിയപ്പോഴാണ് യഹോവയുടെ പെട്ടകം പാളയത്തിലേക്ക് കൊണ്ടുവന്നത്. "യഹോവയുടെ പെട്ടകം പാളയത്തിൽ എത്തിയപ്പോൾ ഭൂമി കുലുങ്ങും വണ്ണം യിസ്രായേലെല്ലാം ഉച്ചത്തിൽ ആർപ്പിട്ടു" (4:5). പെട്ടകത്തിന്റെ മുമ്പിൽ ഉച്ചത്തിൽ ആർപ്പിട്ടതു നല്ലകാര്യം തന്നെ. പക്ഷെ ഈ ആർപ്പുകൊണ്ടും ആരാധനകൊണ്ടും യാതൊരു പ്രയോജനവും ഉണ്ടായില്ല. ഫെലിസ്ത്യർ പെട്ടകം പിടിച്ചുകൊണ്ടുപോയി. യിസ്രായേൽ യുദ്ധത്തിൽ തോറ്റു. ഏലിയുടെ മക്കളും കൊല്ലപ്പെട്ടു. ദൈവസന്നിധിയിൽ ആത്മനിറവിൽ ആർപ്പിട്ട് ആരാധിക്കേണ്ടതാണ്. പക്ഷേ എല്ലാ ആർപ്പും ആരാധനയല്ല. ആരാധനയിൽ ആർപ്പും ശബ്ദവും ചലനങ്ങളും ഉണ്ടാകും. എന്നാൽ ആരവമെല്ലാം ആരാധനയല്ല. വചനം ഉപേക്ഷിക്കുകയും പാപത്തെ തർജ്ജനം ചെയ്യാതെയും ആർപ്പിട്ടപ്പോൾ, ദൈവമഹത്വം നഷ്ടപ്പെടുകയാണുണ്ടായത്. വചന പ്രകാരം മാനസാന്തരപ്പെട്ട് ജീവിത വിശുദ്ധി സൂക്ഷിക്കുന്നവരുടെ ആർപ്പിലും ആരാധനയിലും ദൈവം പ്രസാദിക്കും. മറിച്ചുള്ള ആർപ്പുകൊണ്ടും നൃത്തം കൊണ്ടും മഹത്വം നഷ്ടപ്പെടുകയാണ്. പണ്ടൊരിക്കൽ ആർപ്പിട്ടപ്പോൾ യെരിഹോ മതിൽ വീണതിന്റെ ഓർമ്മയിലാകാം അന്നും യിസ്രായേൽ ആർപ്പിട്ടത്. യോശുവയുടെ കാലത്ത് ജനം ആർപ്പിട്ടപ്പോൾ മതിൽ വീണതുകൊണ്ട്, വചനപ്രകാരമല്ലാത്ത ആർപ്പിൽ മതിൽ വീഴുകയില്ല. യോശുവയുടെ കാലത്ത് ജനം ആർപ്പിടുന്നതിനു മുമ്പ് ആറു ദിവസം ദൈവം പറഞ്ഞത് അക്ഷരം പ്രതി അനുസരിച്ചു. വചനാനുസരണം ആറു ദിവസം നടന്നവരാണ് ഏഴാം ദിവസം ആർപ്പിട്ടത്. ആഴ്ചയിൽ ആറുദിവസവും പാപം ചെയ്ത് നടന്ന്, ദൈവവചനത്തോട് അനുസരണക്കേട് കാണിച്ചിട്ട് ഏഴാം ദിവസം ആർപ്പിടുന്നവർക്കുവേണ്ടിയല്ല കോട്ട ഇടിയുന്നത്. തിങ്കൾ മുതൽ ശനിവരെ ജീവിതം സൂക്ഷിച്ചവർ ഞായറാഴ്ച ഒരുമിച്ചുകൂടി ദൈവത്തെ പിശുദ്ധാത്മശക്തിയിൽ ആരാധിക്കുമ്പോഴാണ് ശത്രുവിന്റെ കോട്ട ഇടിയുന്നത്. പ്രഭാഷകൻ സ്റ്റേജിലൂടെ ഓടിനടന്ന് ഇടിയട്ടെ, ഇടിയട്ടെ, കത്തട്ടെ, കത്തട്ടെ എന്നു പറയുന്നതിനനുസരിച്ച് ഒന്നും ഇടിയുന്നില്ല. പിതാക്കന്മാരുടെ കാലത്ത് നടന്ന അത്ഭുതങ്ങൾ ആവർത്തിക്കണെങ്കിൽ, അക്കാലത്തെപോലെ വചനത്തിലേക്ക് മടങ്ങിവരണം.

ഒന്നാം നൂറ്റാണ്ടിലെ ജീവിത ശൈലിയിലേക്ക് മടങ്ങിവരാതെ ഒന്നാം നൂറ്റാണ്ടിലെ ദൈവ പ്രവർത്തി കാണുവാൻ കഴിയില്ല. ഒന്നാം നൂറ്റാണ്ടിൽ വിശ്വാസികൾ അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടു (അപ്പോ. 2:48). അനുസരിച്ചു നടന്നു. എന്നാൽ ഇന്ന് വചനം കോട്ടിമാട്ടി, ജനത്തിന് ആസ്വാദ്യകരമായി വചനത്തെ ലഘുവാക്കി, മുറിവിനകത്തെ പഴുപ്പു ഞെക്കികളയാതെ, (യെശ. 1:9) ലഘുവായി ചികിത്സിക്കുന്ന (യിര. 8:11) പ്രഭാഷകരിൽ നിന്നും ദൈവം സഭയെ രക്ഷിക്കട്ടെ (തുടരും).

**ഏതൊരു വിഷയത്തിന്റെയും അന്തിമവിധി ദൈവവചനമാണ്. നിർഭാഗ്യവശാൽ, സർക്കാർ നിയമങ്ങളും ലോകകോടതി വിധികളുമാണ് പലർക്കും പ്രധാനം. കോടതിയിൽ നിന്നും വിവാഹ മോചനം നേടിയവർ പുനർവിവാഹം ചെയ്യുമ്പോഴും, അവരുടെ വിവാഹം നടത്തുന്നവരും ദൈവകോടതിയുടെ വിധിയെ ലംഘിക്കുകയാണ്.**

EDITORIAL

# ഐഡന്റിറ്റി നഷ്ടപ്പെടുമ്പോൾ!

ഒരു ജനതയെ വ്യത്യസ്തമാക്കുന്നത് അവർ പിന്തുടരുന്ന സംസ്ക്കാരത്തിന്റേയും അനന്യതയുടെയും (identity) അടിസ്ഥാനത്തിലാണ്. സംസ്ക്കാരത്തിന് അനുസരിച്ച് ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസ പ്രമാണങ്ങൾ, വസ്ത്രധാരണം, ജീവിതരീതികൾ എല്ലാം വ്യത്യസ്ഥമായിരിക്കും. കാലത്തിന്റെ മാറ്റത്തിന്റെ പേരിൽ ഇതൊക്കെ നഷ്ടപ്പെടുത്തിയാൽ ആ ജനതയുടെ അനന്യത (identity) തന്നെ ഇല്ലാതാകും. ഒരു സാമൂഹ്യ ജീവി എന്ന നിലയിൽ ഇവിടെ ജീവിക്കുന്ന സംസ്ക്കാരമുള്ള എല്ലാ മനുഷ്യരും അവരുടെ വ്യക്തിത്വവും തനിമയും നിലനിർത്താൻ പരിശ്രമിക്കുന്നവരാണ്. നമ്മുടെ മാതൃരാജ്യമായ ഭാരതം നൂറ്റാണ്ടുകളുടെ പാരമ്പര്യം അവകാശപ്പെടുന്നവരാണ്.

ദൈവത്തിന്റെ സ്വന്തജനമായിരിക്കുവാൻ ദൈവം തെരഞ്ഞെടുത്തവരായിരുന്നു യിസ്രയേൽ ജനം. അവർ പാർത്തിരുന്ന എല്ലാ സ്ഥലങ്ങളിലും തനിമ നിലനിർത്തി ജീവിക്കാൻ ശ്രമിച്ചിരുന്നു. പ്രവാചകനായ ബിലയാമിന്റെ വാക്കുകൾ യിസ്രയേൽ ജനത്തിന്റെ ഐഡന്റിറ്റി വ്യക്തമാക്കുന്നതാണ്. ഇതാ തനിച്ചു പാർക്കുന്നോരു ജനം ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല (സംഖ്യ 23:9).

പെന്തെക്കോസ്തു നാളിൽ തുടക്കം കുറിച്ച പുതിയനിയമ സഭയും എല്ലാ തലങ്ങളിലും വ്യത്യസ്തത പുലർത്തണമെന്ന് സഭാനാഥൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാപറയുന്നത് ഈ ലോകത്തിന് അനുരൂപരാകരുതെന്ന് (റോമ. 12:2). ലോകം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സാത്താന്റെ ആധിപത്യത്തിൽ കിടക്കുന്ന വ്യവ്സ്ഥിതിയെയാണ്. ദൈവത്തിൽ നിന്നും ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കേണ്ടതാണ്. നാം ദൈവത്തിൽ നിന്നുള്ളവരാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണമെന്ന് (1യോഹ. 5:18,19) അപ്പോസ്തോലൻ ആഗ്രഹിക്കുന്നു.

വർത്തമാനകാലത്തെ ആത്മിയ സമൂഹം തങ്ങളുടെ അനന്യത നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്ന വേദനാജനകമായ അവസ്ഥയിലേക്ക് അധഃപതിച്ചുകൊണ്ടിരിക്കുന്നു. നാം ആരാണെന്നും നമ്മുടെ ഐഡന്റിറ്റി എന്താണെന്നുമുള്ള തിരിച്ചറിവ് ഇല്ലാത്തതാണ് ഈ ദുരവസ്ഥക്ക് കാരണം. കൈയ്യിൽ ബന്റ് കെട്ടുന്നത് ഐഡന്റിറ്റിയുടെ ഭാഗമാണെന്ന് പെന്തെക്കോസ്ത് യുവജന സംഘടനയുടെ ഒരു പ്രവർത്തകൻ എഴുതിയത് വായിച്ചു. പെന്തെക്കോസ്തുകാരൻ പോലുമല്ലാത്ത ഒരാൾ കൈയ്യിൽ ബാന്റുകെട്ടി യുവജന ക്യാമ്പിൽ ആടിത്തിമിർത്തത് വിശ്വാസികൾക്കിടയിൽ പ്രതിക്ഷേധത്തിന് കാരണമായിരുന്നു. അതിനെ ന്യായീകരിക്കാനുള്ള വൃഥാ ശ്രമത്തിനിടയിലാണ് സംസ്ഥാന നേതാക്കൾക്കു വേണ്ടിയുള്ള യുവജന പ്രവർത്തകന്റെ ജൽപനം. ലോകം മാറുന്നതിനനുസരിച്ച് നമ്മളും മാറണമെന്നാണ് ചിലർ വാദിക്കുന്നത്. സമൂഹത്തിൽ മാറ്റങ്ങൾ ആവശ്യമാണ്. എന്നാൽ മാറ്റാൻ കഴിയുന്നതും ഒരിക്കലും മാറ്റാൻ കഴിയാത്തതുമായ ചിലതുണ്ട്. വിശുദ്ധ വേദപുസ്തകം നൽകുന്ന ഉപദേശങ്ങളിൽ മാറ്റംവരുത്തുവാൻ നമുക്ക് അവകാശമില്ല. ഒപ്പം പെന്തെക്കോസ്തു സമൂഹം ഉയർത്തിപിടിച്ചിരുന്ന ചില ധാർമ്മിക മൂല്യങ്ങളും ഒരിക്കലും മാറ്റാൻ കഴിയുന്നതല്ല. ഞാൻ ലൗകികനല്ലാത്തതുപോലെ നിങ്ങളും ലൗകികന്മാരല്ല എന്ന് അരുമനാഥന്റെ വാക്കുകൾ നമുക്ക് നൽകുന്ന ശക്തമായ താക്കീതാണ്.

വ്യത്യസ്തതയാണ് ശരിയായ അനന്യത. ഇതായിരുന്നു പെന്തെക്കോസ്ത് സമൂഹത്തിന്റെ ആധാരവും. ലാളിത്യം (Simplicity) ഐക്യരൂപ്യം (uniformily) സാരൂപ്യം (Identity) എന്നിവയായിരുന്നു പെന്തെക്കോസ്തിന്റെ മുഖമുദ്ര. ആഭരണ വർജ്ജനം, വസ്ത്രധാരണം, വചനധ്യാനം, ആത്മ നിറവിലുള്ള ആരാധന ഇതെല്ലാം ഇതിന്റെ ഭാഗമായിരുന്നു. പരിഷ്ക്കരണത്തിന്റെ പേരിൽ ഇതെല്ലാം ഇന്ന് അന്യമായിരിക്കുന്നു.

ഏഷ്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് യുജന സമ്മേളനമാണ് നവംബർ അവസാനവാരം ചെന്നൈയിൽ നടന്ന ടിപിഎം യുവജന സമ്മേളനം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 2500 0 യുവജനങ്ങളും രണ്ടായിരത്തിലധികം വാളന്റിയിഴ്സും പങ്കെടുത്ത സമ്മേളനം പെന്തെക്കോസ്തിന്റെ ഐഡന്റിറ്റി നിലനിർത്തികൊണ്ടുതന്നെയാണ് നടന്നത്. ലക്ഷങ്ങൾ മുടക്കി ഒരു പാട്ടുകാരേയും ഇറക്കുമതി ചെയ്തില്ലെങ്കിലും യുവജനങ്ങൾ ആവേശത്തോടെ പങ്കെടുക്കുകയും ആത്മിയമായി അനുഗ്രഹിക്കപ്പെടുകയും ചെയ്തു.

മാർത്തോമ്മ, സിഎസ്ഐ പോലെയുള്ള പൗരോഹിത്യ സഭകളുടെ യുവജനസമ്മേളനങ്ങളിൽ അവരുടെ ഐഡന്റിറ്റി നഷ്ടപ്പെടുത്തിയുള്ള ഒരു കോപ്രായങ്ങളും കാണിക്കാറില്ല. അതിന് സഭാനേതൃത്വം അനുവദിക്കുകയുമില്ല. അവർ പെന്തെക്കോസ്തരെക്കാൾ സമ്പന്നരാണെങ്കിലും പണത്തിന്റെ പ്രൗഢിയും പത്രാസും അവിടെ കാണിക്കാൻ ശ്രമിക്കാറില്ല. പെന്തെക്കോസ്തിന്റെ ആദ്യഅനുഭവങ്ങളിലേക്കും തനിമയിലേക്കും മടങ്ങിവരാം. കാലംമാറുന്നതിനനുസരിച്ച് കോലം കെട്ടാൻ ദൈവവചനം അനുവദിക്കുന്നില്ല. കൈയിലെ ബാന്റും പാട്ടിന്റെ താളത്തിനൊത്ത് വൈകാരികമായി തുള്ളുന്നതും നൃത്ത ചുവടുവയ്ക്കുന്നതും പെന്തെക്കോസ്ത് ഐഡന്റിറ്റി അല്ല. ഒരുമടങ്ങിവരവിനായി ഒത്തൊരുമിച്ച് പ്രാർഥിക്കാം, പ്രവർത്തിക്കാം.




PRAYER

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**

**PRAYERCELL, PONKUNNAM P.O.,**
**KERALA, PIN 686 506. PHONE : 04828-223287**
**E-mail : prayercell@rediffmail.com**


## ആത്മീയ സമീകരണങ്ങൾ

4 അധ്യായം

# മുൾപടർപ്പും ഒരു പുതപ്പും പിന്നെ കുറേ മീനുകളും...




സുനിൽ വർഗീസ്, ബാംഗ്ലൂർ
theministryoftoday@gmail.com


മോശെയുടെ ജീവിതത്തിൽ അപ്രതീക്ഷിതമായി കടന്നു വന്ന ദിനചര്യയായിരുന്നു, ആടുകളെ മേയിച്ചു കൊണ്ട് മിദ്യാൻ മരുഭൂമിയിലും പിന്നീട് ദൈവത്തിന്റെ പർവ്വതമായ ഹൊരേബോളമുള്ള ഏകാന്ത യാത്രകൾ. അത്തരം യാത്രകളിൽ, മിസ്രയിമിൽ വെച്ച് താൻ എന്തായിരുന്നുവെന്ന് ചിലപ്പോഴെങ്കിലും അദ്ദേഹം വ്യഥിതനായിട്ടുണ്ടാവും. ആരോടും മിണ്ടാതെയും പറയാതെയുമുള്ള ആ യാത്രകളിൽ വിക്കും ഒറ്റപ്പെടലും മാത്രമായിരുന്നു മോശെയുടെ കൂട്ട്. യിസ്രായേൽ മക്കളുടെ വീണ്ടെടുപ്പുകാരൻ എന്ന ഊർജ്ജം മോശെയിൽ നിന്ന് എപ്പോഴോ കൈവിടപ്പെട്ട് പോയിരുന്നുവല്ലോ. മറ്റാരേയോ ദൈവം എൽപ്പിക്കാനിരുന്ന കാര്യങ്ങളിൽ,താൻ വെറുതെ ഇടപെട്ടുവെന്നുള്ള ഹൃദയ വേദനയും നിരന്തരമായി മോശെയിൽ ഉണ്ടായിരുന്നു. ഇതെല്ലാം ഉള്ളിൽ ഒതുക്കുകയല്ലാതെ, സ്വന്ത ദു:ഖങ്ങൾ പങ്കു വെയ്ക്കുവാൻ പോലും ആരുമില്ലാതെ, മിസ്രയിമിൽ വെച്ച് ആർജ്ജിച്ച കഴിവുകൾ പ്രകടിപ്പിക്കുവാൻ ഇടമില്ലാതെയുള്ള ആ യാത്രകളിലെ ഏതോ ഒരു പകലിലാണ് ദൈവത്തിന്റെ പർവ്വതമായ ഹൊരേബിൽ ഒരു മുൾപ്പടർപ്പിനു തീപിടിക്കുന്നത്.

മോശെയ്ക്ക് വളരെ സാധാരണമായ ഒരു ദിനമായിരുന്നു അത്. എന്നുമെന്നതു പോലെയുള്ള, മരുഭൂമിയുടെ ഊഷരതയും പൊള്ളുന്ന ഏകാന്തതയും മാത്രമുള്ള എത്ര പകലുകൾ ഇനി താണ്ടണമെന്ന് അന്ന് പ്രഭാതത്തിലും അദ്ദേഹം ചിന്തിച്ചു കാണും. എന്നാൽ ആ പതിവു ദിനചര്യയ്ക്ക് അറുതി കൽപിച്ചു കൊണ്ടാണ് ഹൊരേബിലേക്ക് ദൈവം ഇറങ്ങി വന്നത്.

ഒരു വ്യക്തിയുടെ ജീവിതത്തിൽ ദൈവം ഇടപെടുന്നത്, ശുശ്രൂഷയ്ക്കായി വിളിക്കുന്നത്, അതുവരെ ചിന്തിച്ചിട്ടില്ലാത്ത തരത്തിലുള്ള മാറ്റങ്ങൾ വെളിപ്പെടുത്തുന്നത് ഇത് പോലെയുള്ള, നാം സാധാരണമെന്നും, എന്നുമെന്നതു പോലെയെന്നും വിശേഷിപ്പിക്കുന്ന സന്ദർഭങ്ങളിലായിരിക്കും. ദിനേനെ ഓഫീസിലും പോയി, ഏൽപ്പിച്ച ജോലി കൃത്യമായി ചെയ്ത്, സായാഹ്നങ്ങളിൽ കുടുംബത്തോടോത്ത് സമയം ചിലവഴിച്ച് കുടംബപ്രാർത്ഥനയും ഒരുമിച്ചിരുന്നുള്ള ഭക്ഷണവും കഴിഞ്ഞ് അടുത്ത പ്രഭാതം വരെ ഒന്നിനാലും ആലോരസപ്പെടാതെ കഴിയുന്ന ഒരു ജീവിത രീതിയാണ് മിക്കപ്പോഴും നാം വികസിപ്പിച്ചെടുക്കുന്നത്. ഇത്തരം ദിനചര്യയുടെ ഏതെങ്കിലും ഇടനാഴിയിൽ അപ്രതീക്ഷിതമായിട്ടായിരിക്കും ശുശ്രൂഷയുടെ വിളിയുമായി ദൈവം നിലകൊള്ളുന്നത്.

രാത്രി മുഴുവൻ അദ്ധ്വാനിക്കുകയും ഫലമൊന്നും ഇല്ലാതെ വെറും കൈയ്യോടെ വല കഴുകി കൊണ്ടിരുന്ന പത്രോസിന്റെയും കൂട്ടരുടെയും ജീവിതത്തിൽ അതൊരു അപൂർവ്വ സംഭവം ആയിരുന്നില്ല. മീനുകളൊന്നും ലഭിക്കാതെ, തകർന്ന പ്രതീക്ഷകളുമായി പല തവണ അവർ വലകൾ കഴുകി ആ കടൽക്കരയിൽ സമയം തള്ളി നീക്കിയിട്ടുണ്ട്. തുടർന്ന് വരുന്ന രാത്രിയിൽ മറ്റു പലപ്പോഴും ശ്രമിച്ചതു പോലെ കടലിന്റെ മറ്റൊരു ഭാഗത്ത് പോകാം എന്ന ചിന്തയോടെ ഇരിക്കുന്ന അവരുടെ മുന്പിലേക്ക് യേശു വരുന്നു. വളരെ ചുരുങ്ങിയ വാക്കുകളിൽ തന്റെ ആവശ്യം അവിടുന്ന് അറിയിക്കുന്നു. കഴിഞ്ഞ രാത്രിയിൽ ഈ മീനുകളെല്ലാം എവിടെ പോയി ഒളിച്ചിരിക്കുകയായിരുന്നുവെന്നു അത്ഭുതം കൂറുമാറ് തങ്ങളുടെ പടകുകളിൽ പെരുത്ത മീൻ കൂട്ടം നീന്തിക്കയറുന്ന പകലിലാണ് തങ്ങൾ എത്തി നിൽക്കുന്നതെന്ന് അപ്പോൾ പത്രോസ് ചിന്തിച്ചു കൂടി കാണില്ല.

ഏതോ ഒരു റബി, അവിടെ കൂടി വന്ന ആളുകളോട് ചിലത് പറയുവാനായി ആഗ്രഹിക്കുന്നു. അദ്ദേഹത്തിന് ഇരിക്കുവാൻ തന്റെ പടക് ആവശ്യപ്പെടുന്നു. ഈ രണ്ടു കാര്യങ്ങളിൽ കവിഞ്ഞ് ഒന്നും തന്നെ അപ്പോൾ പത്രോസിൽ ഉണ്ടായിരുന്നില്ല. എന്നാൽ കുറെ സമയം കഴിഞ്ഞ്, എന്റെ പിന്നാലെ വരുവീൻ എന്ന യേശുവിന്റെ ക്ഷണമാണ് പത്രോസിനെ പോലെ നമ്മെയും ഞെട്ടിപ്പിക്കുന്നത്. മാത്രമല്ല നിറഞ്ഞ പടകുകളെ വിസ്മയത്തോടെ നോക്കി നിന്ന പത്രോസ് തിരഞ്ഞെടുപ്പിന്റെ കഠിനവഴിയിൽ അപ്പോൾ പെട്ടു പോയെന്നു തന്നെ പറയാം.

പടകിൽ യേശു കർത്താവ് നിറച്ചു നല്കിയയ മത്സ്യങ്ങളുമായി തന്റെ കാര്യം നോക്കി പോകുവാനുള്ള അവസരം പത്രോസിനുണ്ടായിരുന്നു. എന്നാൽ ശുശ്രൂഷയുടെ വിളി മുഴങ്ങിയ ആ പകൽ പത്രോസ് രണ്ടാമത്തെ ഓപ്ഷൻ സ്വീകരിക്കുന്നു. മാത്രമല്ല നിർദയം മത്സ്യങ്ങളോടൊപ്പം അയാൾ പടകും വലകളും കൂടി കൈവിട്ടു കളയുന്നു. യേശു കർത്താവ് പടകിൽ ഇരിക്കുന്ന സമയം വരെ ആ പ്രഭാതത്തിന് ഒരു പ്രത്യേകതകളും പത്രോസിന്റെ നോട്ടത്തിൽ ഇല്ലായിരുന്നു. എന്നാൽ മോശെയെ പോലെ ദൈവത്തിന്റെ ക്ഷണം, ഇരു കൈകളും വിടർത്തി പത്രോസ് സ്വീകരിക്കുന്നു. അപ്പോഴാണ് വിസ്മരിക്കാൻ പറ്റാത്ത ഒരു പകലായി ആ ദിവസം മാറ്റപ്പെട്ടത്.

ഇതാ, നിങ്ങൾ ആ എലീശയെ നോക്കൂ; ഏലിയാ പ്രവാചകൻ അദ്ദേഹത്തെ തേടി ചെല്ലുമ്പോൾ, ഏലീശ പന്ത്രണ്ട് ഏർ കാളകളുമായി നിലം ഉഴുതു കൊണ്ടിരിക്കുകയായിരുന്നു. അവിടെ പ്രത്യേകിച്ച് എന്തെങ്കിലും ഏലിയാവ് കല്പിക്കുകയോ, പ്രസംഗിക്കുകയോ, വിശ്വസിപ്പിക്കുകയൊ ചെയ്യുന്നതായി നാം കാണുന്നില്ല. തികച്ചും നിസംഗമായി തന്റെ പുതപ്പ് എടുത്ത് ഏലീശയിലേക്ക് എറിഞ്ഞു കളഞ്ഞിട്ട് ഏലിയാവ് നടന്നുകളഞ്ഞതായിട്ടാണ് നാം വായിക്കുന്നത്. ഒപ്പം തന്റെ ജോലി നിർത്തി , കാളകളെ വിട്ടിട്ട് ഏലീശ, ഏലിയാ പ്രവാചകന്റെ പിന്നാലെ ഓടുന്ന കാഴ്ചയും തിരുവചനം നമ്മുക്ക് കാട്ടി തരുന്നു.

യജമാനനേ, അല്ലെങ്കിൽ പ്രിയ പ്രവാചക ശ്രേഷ്ഠാ എനിക്ക് ഇപ്പോഴുള്ള ജോലി തന്റെ അധികമായിരിക്കുന്നു. ദയവായി ഈ പുതപ്പും ഇതിന്റെ കൂടെയുള്ള വിളിയും എന്നിൽ നിന്ന് മാറ്റേണമേ എന്ന് നിലവിളിക്കാനാവും ഏലീശ ഓടുന്നതെന്ന് നാം തെറ്റിധരിച്ചേക്കാം. എന്നാൽ നമ്മുടെ പ്രതീക്ഷകളെ തകിടം മറിച്ചു കൊണ്ട്; ഞാൻ എന്റെ അപ്പനേയും അമ്മയെയും ചുംബിച്ചു കൊള്ളട്ടെ, അതിനു ശേഷം ഞാൻ നിന്റെ പിന്നാലെ വന്നു കൊള്ളാം എന്നു മാത്രമാണ് ഏലീശ അപേക്ഷിക്കുന്നത്.


അതു വരെ ആടുകളെ മേയിച്ച് നല്ല നിലയിൽ പോയ്കൊണ്ടിരുന്നതാ എന്ന് മോശെയുടെ അമ്മായിയപ്പനായ യിത്രോ പരിഭവിച്ചേക്കാം. പടകും വലയും ഉപേക്ഷിച്ച് ആ പത്രോസ് പോയതു കണ്ടില്ലേ, താമസം വിനാ ഇതേ കടലക്കരയിൽ അവൻ നമ്മോടൊപ്പം വല കഴുകി കൊണ്ടിരിക്കും എന്ന് മറ്റ് മുക്കുവർ പരസ്പരം പറഞ്ഞ് ചിരിച്ചേക്കം. സ്വന്തമായുള്ള നിലങ്ങളും സമ്പത്തും കന്നുകാലികളെയും ഉപേക്ഷിച്ച് ആ ഏലീശ പോയതു പോലെ എന്ന പഴചൊല്ല് ചിലപ്പൊൾ പ്രചരിച്ചേക്കാം. കേൾക്കുന്നവർ കപട വിസ്മയം കാട്ടി മൂക്കത്ത് വിരൽ വെച്ചേക്കാം, പരസപരം പറഞ്ഞ് സഹതപിച്ചേക്കാം. എന്നാൽ ദൈവ വിളിക്ക് മുൻപിൽ സമർപ്പിതരായ ഈ മൂന്നു വ്യക്തികളുടെ പരിസമാപ്തിയും അതിന്റെ മഹത്വവും കൃതൃതയോടെ തിരുവചനം നമ്മുക്ക് പറഞ്ഞു തരുന്നുവല്ലോ.

നമ്മുടെ തിരക്കേറിയ ജീവിതത്തിലും ഇതു പോലെ ദൈവത്തിന്റെ വിളി, മുൾപടർപ്പിലെ തീയായി, യേശുവിൽ നിന്നുള്ള നന്മകളായി, ചുമലിലേക്ക് വീണ പുതപ്പായി സംഭവിക്കാറുണ്ട്. എന്നാൽ നാം തികച്ചും നിർവികാരതയോടെ അവയെ ഒഴിവാക്കാറാണ് പതിവ്. നമ്മുക്ക് എന്നുമെന്നതു പോലെയുള്ള ജീവിതത്തിൽ തുടരുവാനാണ്, മാറ്റങ്ങളൊന്നുമില്ലാത്ത സംഘർഷങ്ങളില്ലാത്ത ജീവിതമാണ് കൂടുതൽ ഇണങ്ങുന്നതെന്നു നാം സ്വയം വിശ്വസിച്ചിരിക്കുകയാണ്. നന്മകളും സൗഖ്യവും പകരുവാനായി മാത്രം യേശു മതി. അല്ലെങ്കിൽ നമ്മുടെ നന്മകളെ ഒഴിവാക്കിയുള്ള ഒരു ഞാണിൻമേൽ കളിക്കും ഞങ്ങളില്ലേ എന്ന ഭാവത്തിൽ നാം ജീവിതം തുടർന്നു കൊണ്ടിരിക്കുന്നു.

നാം പതിവു പോലെ ചെയ്യുന്ന ജോലികൾക്കിടയിൽ, സല്ലാപങ്ങൾക്കും യാത്രകൾക്കും ഇടയിൽ ദൈവത്തിന്റെ ക്ഷണം നമ്മുക്ക് ഉണ്ടാകാറുണ്ട് എന്നുള്ളത് ഭയത്തോടെയാണ് നാം മനസ്സിലാക്കേണ്ടത്. കാരണം നമ്മെ ആവശ്യമായിരിക്കുന്ന ഒരു ജനതയുടെ കഷ്ടത കാണുകയും നിലവിളി കേൾക്കുകയും ചെയ്യുന്നത് ദൈവമാണല്ലോ. അതുകൊണ്ടാണ് എന്നുമെന്നത് പോലെയുള്ള നമ്മുടെ വഴിയോരങ്ങളിൽ അവിടുന്ന് കാത്തു നിൽക്കുന്നത്.

# ഗിരിപ്രഭാഷണവും പുതിയ നിയമവും

**ഗിരിപ്രഭാഷണത്തിന്റെ തുടക്കവും ഒടുക്കവും സ്വർഗ്ഗരാജ്യത്തിലെ പൗരനെ പറ്റിയും അവിടുത്തെ ജീവിതത്തെപ്പറ്റിയുമാണ് കർത്താവ് പ്രതിപാദിക്കുന്നത്. ഭൗമരാജ്യം സ്വപ്നം കണ്ടു കഴിഞ്ഞ യെഹൂദന് ചരിത്രം കണ്ട ഏറ്റവും വലിയ തിരിച്ചടിയാണ് ലഭിച്ചത്. യെഹൂദന് സംഭവിച്ചത് നമുക്ക് സംഭവിക്കാതിരിക്കട്ടെ!!!**





അനീഷ് കൊല്ലംകോട്

**ലോ**കത്തിലെ മഹാന്മാരും സത്യാന്വേഷികളും യേശുവിനെ അറിഞ്ഞതും അംഗീകരിച്ചതും ഗിരിപ്രഭാഷണത്തിലൂടെയാണ്. ദൈവം വിരൽ കൊണ്ട് കല്പലകയിലെഴുതിയ പഴയ നിയമത്തെ ഇവിടെയിതാ ക്രിസ്തു ഗിരിപ്രഭാഷണത്തിലൂടെ തന്റെ കേൾവികാരുടെ ഹൃദയങ്ങളിൽ  എഴുതുകയാണ്. മഹാരാജാവിന്റെ പ്രകടന പത്രികയെന്നും ശിഷ്യന്മാരെ നിയോഗിച്ചുകൊണ്ടുള്ള പ്രസംഗമെന്നും ദൈവരാജ്യത്തിലെ പൗരൻമാരുടെ നീയമാവലികളെന്നും പഴയ നിയമത്തിന്റെ പൊളിച്ചെഴുത്തെന്നും നിവൃത്തികരണമെന്നും ഒക്കെ അനേകം വിശേഷണങ്ങളുള്ള,

പുതിനീയമ ഭക്തൻ പ്രാർഥിക്കേണ്ടത് എങ്ങനെയെന്നതടക്കം ലോകത്തെ കോൾമയിർ കൊള്ളിച്ച, ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം ചില ക്രൈസ്തവ വിഭാഗങ്ങൾ മാത്രം എന്തുകൊണ്ടോ അധികം ധ്യാനവിഷയമാക്കുന്നില്ല. ലോകത്തിന്റെ സമ്പത്തു കരാഗതമാകുന്നതാണ് ദൈവാനുഗ്രഹം എന്നു ചിന്തിക്കുന്നവർക്ക് ഗിരിപ്രഭാഷണം ദഹിക്കില്ല എന്നത് ഒരു വസ്തുതയാണ്.

കാരണം അതിൽ അനുഗ്രഹിക്കപ്പെട്ടവരെ സംബന്ധിച്ച അനേക പരാമശങ്ങളിൽ ഒരിടത്തുപോലും ധനവാനെ പറ്റിയോ ലോകത്തിലെ സമ്പത്തിനെ പറ്റിയോ സൂചനയില്ല എന്നതാണ്.‘പിതാക്കന്മാർ കഷ്ടപ്പെട്ടു; തലമുറകളെ ദൈവം അനുഗ്രഹിച്ചു‘ എന്ന് പെന്തെക്കോസ്തുകാർ പാടി നടക്കുന്നത് തന്നെ ഗിരിപ്രഭാഷണത്തിലെ കർത്താവിന്റെ പരാമർശങ്ങൾക്കു വിരുദ്ധമാണ്. പഴയ നീയമത്തിൽ കിടന്നുരുളുന്നവർ അങ്ങനെയൊക്കെ പറഞ്ഞില്ലെങ്കിലേ അതിശയിക്കാനുള്ളു.

സമ്പത്തു വാരിക്കോരി നൽകുന്ന ചിന്തകളാണ് പഴയ നീയമത്തിലെങ്കിൽ ലാസറിനെ പോലെയുള്ള ദരിദ്രൻ സ്വർഗത്തിൽ ആദരിക്കപ്പെടുന്ന അത്ഭുതകരമായ വെളിപ്പാടാണ് പുതിയ നിയമം പങ്കുവെക്കുന്നത്.

മനുഷ്യ ഹൃദയങ്ങളിൽ യേശു ക്രിസ്തു എഴുതി നൽകിയ ഗിരിപ്രഭാഷണം വേണ്ടവിധം ധ്യാനിച്ചിരുന്നെങ്കിൽ പുതിയ നിയമ സഭയിലാണെന്നു പറയുന്നവരുടെ ബൈബിളിൽ സങ്കീർത്തനങ്ങളും കല്പലകയിലെഴുതിയ പഴയനിയമ ഭാഗങ്ങളും പൊന്തി നിൽക്കില്ലായിരുന്നു. പഴയ നിയമ ഭക്തന്മാർ ക്രിസ്തുവിനു വേണ്ടിയും ഹൃദയത്തിലെഴുതി നൽകാൻ പോകുന്ന പ്രമാണങ്ങൾക്കു വേണ്ടിയും ആവേശത്തോടെ കാത്തിരിക്കുകയായിരുന്നു. എന്നാൽ അവർ ആവേശത്തോടെ കാത്തിരുന്ന ആ സ്വർഗീയ പ്രമാണം കയ്യിൽ കിട്ടിയിട്ടും നായയുടെ കയ്യിൽ പൊതിക്കാത്ത തേങ്ങ കിട്ടിയതുപോലെ പൊരുൾ തിരിച്ചു മനസിലാക്കാൻ കഴിയാതെ , തേരിലിരുന്നു പുസ്തകം വായിച്ച ഷണ്ഡന്റെ അവസ്ഥയാണ് പലർക്കും.

പഴയ നിയമം വായിക്കാൻ എളുപ്പമാണ്. കാരണം അവ അടുക്കടുക്കായി ഓരോ സംഭവങ്ങളെ കഥകളായി പറഞ്ഞു തരികയാണ്. പക്ഷെ പുതിയ നീയമത്തിൽ അത്തരത്തിലുള്ള കഥകൾ തുലോം വിരളമാണ്. പുതിയ നിയമം പ്രസംഗിക്കാൻ വളരെ ധ്യാനം ആവശ്യമാണ്.  പ്രവാചകന്മാരെന്നു പറയുന്ന 99 ശതമാനവും സംസാരിക്കുന്നതും ദൂത് പറയുന്നതും പഴയ നിയമം ആധാരമാക്കിയാണ്. സഭായോഗങ്ങളിൽ സങ്കീർത്തന ധ്യാന മടക്കം പഴയ നീയമത്തിനാണ് മുൻഗണന. പിന്നെങ്ങനെ ക്രിസ്തു ഉയർത്തപ്പെടും?

ഗിരിപ്രഭാഷണത്തിന്റെ വിശദീകരണവും പ്രായോഗികതയുമാണ് തുടർന്ന് യേശുവിന്റെയും അപ്പോസ്തോലന്മാരുടെയും പ്രസംഗങ്ങളിലും പ്രവർത്തികളിലും ലേഖനങ്ങളിലുമായി നമ്മൾ കാണുന്നത്.വിവാഹ നിശ്ചയം കഴിഞ്ഞു വിദേശത്തേക്ക് പോയ മണവാളൻ പ്രതി ശ്രുതവധുവിനെഴുതുന്ന കത്തുകൾ എത്ര ആവേശത്തോടുകൂടി അവൾ വായിക്കുമോ അതേ ആവേശമാണ് പുതിയ നീയമത്തിലെ ലേഖന ഭാഗങ്ങൾ വായിക്കുമ്പോൾ പുതിയ നിയമ ഭക്തനിൽ ഉണ്ടാകേണ്ടത്. പക്ഷേ എന്ത് ചെയ്യാം ഇവിടെ ദാവീദും ഗോല്ല്യാത്തും രംഗം വിട്ടിട്ടുവേണ്ടേ ക്രിസ്തുവിലേക്കു ചെല്ലാൻ! ക്രിസ്തുവിൽ ഏകാഗ്രത സൂക്ഷിക്കേണ്ടവർ പഴയ നീയമത്തിൽ ക്രിസ്തുവിന്റെ നിഴലുകൾ തപ്പി നടക്കുകയാണ്. വസ്തുവിനെ നന്നായി കാണാനും മനസിലാക്കാനും കഴിയുമെന്നിരിക്കെ, ഇനി വസ്തുവിന്റെ നിഴൽ നോക്കി എന്ത് വ്യാഖ്യാനിക്കാനാണ്?

യെഹൂദന് ചരിത്രത്തിൽ സംഭവിച്ച ഏറ്റവും വലിയ പരാജയം, യെഹോവയുടെ ദാസനായി വെളിപ്പെടാനിരുന്ന, കഷ്ടപ്പെട്ട് മരിക്കുന്ന ക്രിസ്തുവിനെ കുറിച്ച് യശയ്യാവു വ്യക്തമായി പ്രവചിച്ചിട്ടും അത് കണ്ടില്ലെന്നു നടിച്ചു ജീവിച്ചതാണ്. ഒടുവിൽ എന്ത് സംഭവിച്ചു? കാലങ്ങളായി അവർ കാത്തിരുന്ന സാക്ഷാൽ മശിഹാ വെളിപ്പെട്ടപ്പോൾ തിരിച്ചറിയാതെ അവനെ പിടിച്ചു ക്രൂശിച്ചു കൊന്നു. മ്ശിഹായെന്നാൽ രാജാവായിരിക്കണം അതിൽ കുറഞ്ഞു അവർക്കു ചിന്തിക്കുവാൻ കഴിയുമായിരുന്നില്ല.ലഭിച്ച വെളിപ്പാട് കണ്ടില്ലെന്ന് നടിച്ച യെഹൂദൻ പക്ഷെ യേശുവിനെ തിരിച്ചറിയാതെ പോയപ്പോൾ ഷണ്ഡൻ അത് മനസിലാക്കാൻ ശ്രമിക്കുകയാണ്. പുതിയ പ്രമാണം ധ്യാനിക്കുക എന്നത് ചിലരെ സംബന്ധിച്ച് അല്പം പ്രയാസമുള്ള കാര്യമാകാം.പക്ഷെ ഷണ്ഡനെ പോലെ ഒരു ശ്രമം നടത്താനെങ്കിലും അവർ തയാറാകണം. ഫിലിപോസുമാരെ കർത്താവ് പറഞ്ഞയക്കും. അല്ലാതെ ഈ ലോകത്തിലെ ധനമാണ് കർത്താവിന്റെ അനുഗ്രഹമെന്നു ചിന്തിച്ചും പ്രസംഗിച്ചും നടന്നാൽ കർത്താവ് പ്രത്യക്ഷനാവുമ്പോൾ യെഹൂദന് സംഭവിച്ചതുപോലെ ചിലപ്പോൾ കർത്താവിനെ തിരിച്ചറിയാതെ പോയെന്നുവരും. അല്ലെങ്കിൽ ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ല എന്ന് കർത്താവ് പറഞ്ഞെന്നു വരും.

ഗിരിപ്രഭാഷണത്തിന്റെ തുടക്കവും ഒടുക്കവും സ്വർഗ്ഗരാജ്യത്തിലെ പൗരനെ പറ്റിയും അവിടുത്തെ ജീവിതത്തെപ്പറ്റിയുമാണ് കർത്താവ് പ്രതിപാദിക്കുന്നത്. ഭൗമരാജ്യം സ്വപ്നം കണ്ടു കഴിഞ്ഞ യെഹൂദന് ചരിത്രം കണ്ട ഏറ്റവും വലിയ തിരിച്ചടിയാണ് ലഭിച്ചത്. യെഹൂദന് സംഭവിച്ചത് നമുക്ക് സംഭവിക്കാതിരിക്കട്ടെ!!!

അടിക്കുറിപ്പ്:  മേല്പറഞ്ഞതിന് പഴയനീയമം വായിക്കരുതെന്നോ ധ്യാനിക്കരുതെന്നോ അർത്ഥമില്ല. പുതിയ നീയമത്തിന്റെ പശ്ചാത്തലമാണ് പഴയ നിയമം. നമ്മുടെ പേരിനോട് ചേർത്ത് അപ്പന്റെയോ അമ്മയുടേയോ വീടിന്റെയോ സ്ഥലത്തിന്റെയോ പേര് ചേർക്കുന്നത്രയും പ്രാധാന്യം പഴയ നിയമത്തിനുമുണ്ട്. നമ്മെ മറ്റുള്ളവർക്ക് പരിചയപ്പെടുത്താൻ ഇവ ആവശ്യമായിരിക്കുന്നതുപോലെ പുതിയ നിയമത്തെ വേണ്ടവിധം ഗ്രഹിക്കാനും ഗ്രഹിപ്പിക്കാനും സഹായമാകും വിധമാണ് പഴയ നിയമം ഉപയോഗിക്കേണ്ടത് എന്ന് മാത്രം.

ഉദാഹരണത്തിന്, പ്രവാചകൻ മുഖാന്തിരം അരുളിചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു എന്ന് പുതിയ നിയമ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന സംഭവങ്ങളുടെ പിന്നിലെ പ്രവചനത്തെപ്പറ്റി വിശദമായി അറിയാൻ പഴയ നീയമം ആവശ്യമാണ്. അതുപോലെ തന്നെ ആദം, ഹാബെൽ, അബ്രഹാം, യാക്കോബ്, ഏശാവ്, ദാവീദ്, ഇയ്യോബ് തുടങ്ങി പുതിയ നിയമ ഭാഗങ്ങളിൽ ഒന്നോ രണ്ടോ വാചകങ്ങളിൽ മാത്രം പരാമർശിക്കുന്ന ഏതു വിഷയത്തിന്റെയും വിശദാംശങ്ങൾ അറിയാൻ പഴയ നിയമം ആവശ്യമാണ്. പക്ഷെ ഒരു പുതിയ നിയമ വിശ്വാസി ജീവിക്കുന്നതും ജീവിക്കേണ്ടതും പുതിയ നീയമത്തിലാണ്. ‘ഒന്നാമത്തേത് കുറവില്ലാത്തതായിരുന്നുവെങ്കിൽ രണ്ടാമത്തേതിനു ഇടം അന്വേഷിക്കയില്ലായിരുന്നു ‘എന്ന വചനവും ‘പുതിയത് എന്ന് പറയുന്നതിനാൽ ആദ്യത്തെതിനെ പഴയതാക്കിയിരിക്കുന്നു‘ എന്ന വചനവും  നമ്മൾ കണ്ടില്ലെന്നു നടിച്ചു  മുൻപോട്ടു പോയാൽ നാം ചെന്നെത്തുന്നതും യെഹൂദന് സംഭവിച്ച അതേ ദുരന്തത്തിലായിരിക്കും എന്ന ദുഃഖ സത്യം നമുക്ക് മറക്കാതിരിക്കാം.

# പഴമയിലേക്ക് മടങ്ങുന്നവർ

> **പുതിയ ആഹാരരീതി പലരേയും രോഗികളാക്കിയതുപോലെ നവീന ഉപദേശങ്ങളും ശുശ്രൂഷകളും ആത്മീക രോഗികളെ വർദ്ധിപ്പിച്ചു. സാധാരണക്കാരനെ മായാലോകത്ത് എത്തിച്ചിട്ട് ലാഭം കൊയ്യുന്ന മാഫിയകളെ ജനം തിരിച്ചറിഞ്ഞു. സോഷ്യൽ മീഡിയകൾ പലരുടേയും തട്ടിപ്പ് തെളിവ് സഹിതം പുറത്തു കൊണ്ടുവന്നു.**



**ജോൺസൻ കണ്ണൂർ**

കാലചക്രം കറങ്ങിവന്നപ്പോൾ എല്ലാം പഴയതിലേക്ക് മടങ്ങിവന്നുകൊണ്ടിരിക്കുന്നു. ഓലമേഞ്ഞ വീടുകളിൽനിന്ന് കോൺക്രീറ്റ് കെട്ടിടങ്ങളിലേക്കും കൂജയിൽ നിന്ന് ഫ്രിഡ്ജിലേക്കും കുളിക്കടവിൽ നിന്ന് ഷവറിലേക്കും മലയാളമീഡിയത്തിൽ നിന്ന് ഇംഗ്ലീഷ് മീഡിയത്തിലേക്കും കേരളത്തിൽ നിന്ന് വിദേശ രാജ്യങ്ങളിലേക്കും മാറിയ ആധുനിക തലമുറ വീണ്ടും പലകാര്യങ്ങളിലും പഴമയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

പുരോഗമനത്തിന്റെ പാതയിൽ കുതിച്ച ആധുനിക മനുഷ്യൻ പലതിലും അസംതൃപ്തനാണ്. പുതിയതൊക്കെ പരീക്ഷിച്ച് മനസ്സ് മടുത്ത് വീണ്ടും പഴയ ജീവിത ചര്യയിലേക്ക് മടങ്ങി. അലൂമിനിയവും, സ്റ്റീൽ പാത്രങ്ങളും, നോൺസ്റ്റിക്കും ഉപയോഗിച്ച ആധുനിക അടുക്കളകൾ കെങ്കേമമായി തുടരവേ രോഗങ്ങൾ കൂട്ടുകാരായി വന്നതിനാൽ പഴയകാല മൺ പാത്രത്തിലേക്ക് ചിലർ മാറിതുടങ്ങി. ആദ്യം ഓലമേയുകയും, സാമ്പത്തികമനുസരിച്ച് പിന്നീട് ഓട് മേയുകയും, തുടർന്ന് ഷീറ്റ് ഇടുകയും വിദേശപണം ആയതോടെ പടുകൂറ്റൻ കോൺക്രീറ്റ് കെട്ടിടങ്ങളായി തീരുകയും ചെയ്തിരുന്നു. ഇപ്പോൾ നേരെ തിരിച്ചാണ് കാണുന്നത്.

ആദ്യമേ വാർക്ക കെട്ടിടം പണിയും, ശേഷം ചൂട് ഇല്ലാതാകാൻ ഓട് പതിക്കും. പിന്നീട് ചോർച്ച ഉണ്ടാകാതിരിക്കാനും തുണി ഉണങ്ങാനുമൊക്കെ സൗകര്യാർത്ഥം ഷീറ്റ് മേയും. താമസിയാതെ ഭാവിയിൽ ചൂട് ഭീകരമാകുമ്പോൾ ഓലപ്പുരയിലേക്ക് മാറേണ്ടിവരും. വിവാഹത്തിന് വധുവിനെയോ വരനേയോ കാളവണ്ടിയിൽ വിവാഹ മണ്ഡപത്തിലേക്ക് കൊണ്ടു പോകുന്ന രീതി ആരംഭിച്ചു. പഴയ കാളവണ്ടി ഇപ്പോൾ വീഡിയോയ്ക്ക് ഒരു പുതുമ. ഭക്ഷണ കാര്യങ്ങളിലും മാറിതുടങ്ങി. ബിരിയാണിയും, ന്യൂഡിൽസും, സാൻവിച്ചും ഫ്രൈഡ്റൈസും മടുത്തു. വിവാഹ സത്ക്കാരങ്ങൾക്ക് മലയാളി പഴയ ചോറിലേക്ക് വന്നു. കഴിക്കാൻ രുചിയും ശരീരത്തിന് ഗുണവും പഴയ ഭക്ഷണം തന്നെയെന്ന് മനസ്സിലായി. രോഗങ്ങൾ വർദ്ധിച്ചപ്പോൾ ഡോക്ടർമാർ ബോധവൽക്കരണ ക്ലാസുകൾ എടുക്കുവാൻ തുടങ്ങി. പഴയ കാലത്തെ കഞ്ഞിയും കപ്പയും ഇപ്പോൾ വീണ്ടും സ്റ്റാറായി.

മാന്യമായ വസ്ത്രം ധരിച്ചിരുന്നവർ പുതിയ ഫാഷനിലേക്ക് മാറി. പുതിയത് പലതും പരമാവധി ശരീരത്തിന്റെ നഗ്നത പ്രദർശിപ്പിക്കുന്നതാകയാൽ അവ നിരോധിച്ച് കൊണ്ട് പലരും മുന്നോട്ട് വന്നു. വിവാഹത്തിന് പഴയ രീതിയിലെ വസ്ത്രം ധരിച്ച് തുടങ്ങി.

ശരിര അവയവങ്ങളുടെ വലിപ്പം പ്രദർശിപ്പിക്കുന്ന ലെഗ്ഗിൻസ് ധരിച്ച് ദർശനത്തിന് വരുതെന്ന് ക്ഷേത്രങ്ങളിലും, വിവാഹത്തിന് മണവാട്ടി ഗൗൺ ധരിക്കരുതെന്ന് പള്ളികളിലും അറിയിപ്പ് വന്നതോടെ പഴയ രീതിയിലേക്ക് മാറാതെ നിവൃത്തിയില്ലാതായി. അന്യസംസ്ഥാനങ്ങളിൽ നിന്ന് മരുന്നിൽ മുക്കിപൊക്കി പഴം, പച്ചക്കറി, തുടങ്ങിയ ഭക്ഷ്യവിഭവങ്ങൾ മലയാളിയുടെ മേശപ്പുറത്ത് നിരന്നതോടെ മേലനങ്ങിപണി ചെയ്യാതിരുന്ന പലരും സ്വന്തം വീടിന്റെ ടെറസ്സിലും വീട്ടുവളപ്പിലും ചില്ലറ പച്ചക്കറികൾ നടുവാൻ തുടങ്ങി.

വാഹനത്തിലെ യാത്രയല്ലാതെ അല്പം പോലും നടക്കാത്ത മാഹാൻമാരോട് രോഗങ്ങളുമായി ഹോസ്പ്പിറ്റലിൽ ചെന്നപ്പോൾ ഡോക്ടർ നടക്കുവാൻ നിർദ്ദേശിച്ചു. ജോലിക്കും ശമ്പളത്തിനും മാത്രം പ്രാധാന്യം നല്കി കുടുംബ ജീവിതം തകർന്നുവെന്നു വന്നപ്പോൾ പലരും തിരിഞ്ഞ് ചിന്തിക്കാൻ തുടങ്ങി.

ഇനിയും ആത്മീയ മണ്ഡലം നോക്കാം. അപ്പച്ചന്മാരുടെ പാട്ടും പ്രസംഗവും പഴഞ്ചനായതിനാൽ പുതിയ പല ഇറക്കുമതികളേയും പുതുതലമുറ രണ്ട് കയ്യും നീട്ടി സ്വീകരിച്ചു. പ്രായോഗിക ജീവിതത്തിന് പ്രാധാന്യം കല്പിക്കാത്ത പുത്തൻ ഉപദേശത്തിന് പെട്ടെന്ന് ചെറുപ്പക്കാരുടെ ഇടയിൽ വേരോട്ടം കിട്ടി. ആട്ടവും ബഹളവും സ്റ്റേജ് ഷോയും, ഊതലും, കാറലും, കൂവലും, ചിരിയും, കുരയും, ഛർദ്ദിയും, ഫോറൻസിക് പ്രവചനവും, പേര് വിളിച്ചുള്ള ശുശ്രൂഷയും എന്നു വേണ്ട അരങ്ങുതകർത്തു.

അകത്തെ മനുഷ്യന് ദഹനക്കേടായി. പുതിയ ആഹാര രീതി പലരേയും രോഗികളാക്കിയതുപോലെ നവീന ഉപദേശങ്ങളും ശുശ്രൂഷകളും ആത്മീക രോഗികളെ വർദ്ധിപ്പിച്ചു. സാധാരണക്കാരനെ മായാലോകത്ത് എത്തിച്ചിട്ട് ലാഭം കൊയ്യുന്ന മാഫിയകളെ ജനം തിരിച്ചറിഞ്ഞു. സോഷ്യൽ മീഡിയകൾ പലരുടേയും തട്ടിപ്പ് തെളിവ് സഹിതം പുറത്തു കൊണ്ടുവന്നു. അവരുടെ ഫലത്താൽ വൃക്ഷങ്ങളെ മനസ്സിലാക്കി, കരിസ്മ, ഉണർവ്വ്, ഫയർ, ആത്മമാരി തുടങ്ങി പല രൂപത്തിലും പേരിലും പലരും നൃത്തമാടി.

ഒടുവിൽ എല്ലാം മാളത്തിലൊളിച്ചു. ഫയർ വിങ്സിന്റെ ചിറകൊടിഞ്ഞ് തകർന്നടിഞ്ഞു. അഞ്ചൽ ബാധകളുടെ അഡ്രസ്സില്ല. ആഴമായി വചനം പഠിക്കുന്ന പഴയരീതി തന്നെ നല്ലതെന്ന് പലർക്കും മനസ്സിലായി. പുതുപുത്തൻ ശുശ്രൂഷക്കാരുടെ മീറ്റിംങ്ങുകളിൽ ജനം പോകാതെയായി.

ആഴമായി വചനം പറയുന്ന പിതാക്കന്മാരുടെ രീതിതന്നെ നല്ലതെന്ന് മനസ്സിലായി. വചനം മാത്രം പോരെന്ന് പറയുന്ന ചില വിവരദോഷികൾ അങ്ങും ഇങ്ങും ഉണ്ടെന്നുള്ളതൊഴിച്ചാൽ കേരളത്തിലും വിദേശരാജ്യങ്ങളിലും ആഴമേറിയ ആത്മീയ ദൂതുകൾക്ക് ജനം ആവലോടെ കാത് കൂർപ്പിക്കുവാൻ തുടങ്ങി. ആത്മീയതയുടെ വേഷം കെട്ടി അരങ്ങ് തകർത്ത പലരും വീട്ടിലിരിപ്പായി. നിർമ്മല വചനത്തിന് മാത്രമേ നിലനിൽപ്പുള്ളൂ എന്ന് ബോധ്യമായി. വചനത്തിന്റെ പാണ്ടികശ്ശാല കയ്യിലുള്ളവർ ഇന്ന് സ്റ്റാറാണ്. ജ്യോതിസ്സുകളെ പോലെ ശോഭിക്കുവാൻ നമ്മെ നിർത്തിയിരിക്കുന്നു. ദൈവവചനം ക്രിയചെയ്ത് ആത്മീയ ശിശുക്കൾ ജനിക്കണം. വിശ്വസിച്ചവർ വചനത്തിൽ നിലനിൽക്കണം. ശുദ്ധീകരണമില്ലാത്ത ശക്തികരണം ശുദ്ധതട്ടിപ്പാണ്. മായമില്ലാത്ത പാൽകുടിക്കുവാൻ വാഞ്ചിക്കാം. മായം ചേർത്ത് കൊടുത്ത ബിസിനസ്സ് ലോബികൾ പടം മടക്കി തുടങ്ങി. ലുക്കോസ്. 1:1 -ൽ പറയുന്നതുപോലെ വചനത്തിന്റെ ശുശ്രൂഷക്കാർ മുന്നോട്ട് വരട്ടെ. ആധികരികമായി വചനം തെളിയിച്ച് പറയുന്ന അഭിക്ഷിതന്മാർ എഴുന്നേല്ക്കട്ടെ. അങ്ങനെയുള്ളവരെ പ്രോത്സാഹിപ്പിക്കാം.

പിതാക്കന്മാർ മാതൃക കാണിച്ച ജീവിത മൂല്യങ്ങൾ പിന്തുടരണം. ലളിത ജീവിതത്തിന്റെ ശൈലി സ്വീകരിക്കണം കാലം മാറുന്നതനുസരിച്ച് ഉപദേശത്തിനും പ്രമാണത്തിനും അയവ് വരുത്തരുത്.

വ്യക്തിബന്ധങ്ങളും, മൂല്യങ്ങളും ജീവിതവിശുദ്ധിയും കാത്തു സൂക്ഷിച്ച് കൊണ്ടുള്ള എല്ലാ മാറ്റങ്ങളും സ്വീകാര്യമാണ്. ആഴമായ സമർപ്പണത്തിലേക്കും വിശ്വാസത്തിലേക്കും, മാനസാന്തരത്തിലേക്കും അന്യോന്യം ഉള്ള സ്നേഹവും കരുതലിലേക്കും മടങ്ങി വരുന്ന പുത്തൻ തലമുറയെ ആത്മാവിൽ ദർശിച്ച് കൊണ്ട് ഈ കുറിപ്പ് ഇവിടെ അവസാനിപ്പിക്കുന്നു.



# നിത്യതയുടെ അവകാശികളാകുക!



**പാസ്റ്റർ ജോയിസ് ചാക്കോ**
തിരുവനന്തപുരം

**അ**നീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ, വിശുദ്ധൻ ഇനിയും തന്നെ തന്നെ വിശുദ്ധീകരിക്കട്ടെ, ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തന് അവനവന്റെ പ്രവർത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് (വെളിപ്പാട് 22:11,12). സത്യവേദപുസ്തകത്തിലെ അവസാനത്തെ പുസ്തകമായ വെളിപ്പാടുപുസ്തകത്തിന്റെ അവസാന അധ്യായത്തിലെ ശ്രദ്ധേയമായ ഒരു വാക്യമാണിത്. നമ്മുടെ ദൈവത്തിന്റെ സ്വഭാവമാണ് വിശുദ്ധി. ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ (ലേവ്യ. 11:45). വേദപുസ്തത്തിന്റെ ആരംഭ പുസ്തകമായ ഉൽപത്തി പുസ്തകം മുതൽ അവസാനത്തെ പുസ്തകമായ വെളിപ്പാടു പുസ്തകം വരെ ദൈവത്തിന്റെ വിശുദ്ധിയെ വിവരിക്കുന്നുണ്ട്. ആ ദൈവത്തെ ആരാധിക്കുന്നവർ വിശുദ്ധരായിരിക്കേണം. മിസ്രയീമിലേക്ക് അടിമകളായി പോയ യിസ്രയേൽ ജനത്തെ അവിടെ നിന്നും മടക്കികൊണ്ടു വരുവാൻ ദൈവം തെരഞ്ഞെടുത്ത വ്യക്തിയാണ് മോശ. തന്റെ നാൽപതു വർഷത്തെ കൊട്ടാര ജീവിതവും നൽപതു വർഷം മരുഭൂമിയിൽ ആടിനെ തീറ്റുന്ന ജോലിയും കഴിഞ്ഞ് ശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പ് മുൾപ്പടർപ്പു കത്തുന്ന അത്ഭുതകരമായ കാഴ്ച കാണുന്നു (പുറ. 3:5). മുൾപ്പടർപ്പിൽ നിന്ന് ദൈവം മോശയോട് സംസാരിക്കുന്നു. മോശ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു.

പുതിയ നിയമത്തിലേക്ക് വരുമ്പോൾ അപ്പോസ്തോലനായ പൗലോസ് തന്റെ യോഗ്യത ഫിലി.3:5,6 വാക്യങ്ങളിൽ വ്യക്തമാക്കുന്നു. താൻ അപ്പോസ്തോലന്മാരിൽ വച്ച് ഏറ്റവും അധികം അധ്വാനിച്ച വ്യക്തി ആണ്. പുതിയനിയമ സഭയ്ക്ക് എബ്രായ ലേഖനം ഉൾപ്പെടെ ഈടുറ്റ 14 ലേഖനങ്ങൾ എഴുതി. അങ്ങനെയുള്ള പൗലോസ് പറയുന്നു ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ (1തെസ. 4:3). ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല (എബ്രാ. 12:14). ഒരിക്കൽ നാം വിശുദ്ധർ ആയതുകൊണ്ട് തീർന്നില്ല, വിശുദ്ധിയിൽ നിലനിൽക്കണം.

വെള്ളവസ്ത്രം ധരിച്ച് ഒരു യാത്ര കഴിഞ്ഞു വന്നാൽ പിന്നീട് മറ്റൊരു യാത്രക്ക് ആ വസ്ത്രം ഉപയോഗിക്കാൻ കഴിയില്ല. കാരണം നാം സഞ്ചരിച്ച സ്ഥലത്തെ സകല പൊടിപടലങ്ങളും ആ വസ്ത്രത്തിൽ പറ്റിപിടിക്കും. വെള്ള ആയതുകൊണ്ടാണ് നമുക്ക് അത് മനസിലാക്കാൻ കഴിഞ്ഞത്. എന്നാൽ ഒരു നിറമുള്ള വസ്ത്രം ആണെങ്കിൽ അതിൽ എത്ര പൊടിപടലങ്ങൾ പറ്റിപിടിച്ചാലും ശരിക്കും കാണാൻ കഴിയില്ല. അതുപോലെയാണ് നാം വിശുദ്ധിയിൽ ജീവിച്ചാൽ നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരുന്ന അശുദ്ധിയെ കാണുവാൻ കഴിയും. കണ്ടാൽ മാത്രമെ അതിനെ ജീവിതത്തിൽ നിന്നും നീക്കികളയുവാൻ കഴിയുകയുള്ളു. വിശുദ്ധനായി ജീവിച്ചാൽ മാത്രമെ നിത്യതയിൽ പ്രവേശിക്കുവാൻ കഴിയുകയുള്ളു. നമുക്ക് അനുഭവത്തിലും അഭിനയത്തിലും ദൈവത്തെ സേവിക്കുവാൻ കഴിയും. വിശുദ്ധിയില്ലാതെ ഞായറാഴ്ച ആരാധനയിലും കർത്തൃമേശയിലും പങ്കടുക്കാം ആരും അറിയുന്നില്ല. വെള്ള വസ്ത്രം ആയിരിക്കും, ക്ലീൻ ഷേവ് ആയിരിക്കും, പുറമെ നോക്കിയാൽ ഒരു കുറവും കാണില്ല. എന്നാൽ ദൈവം നോക്കുന്നത് പുറമല്ല അകമാണ്. അതുകൊണ്ട് പുറം ശരിയാക്കരുത് എന്നർത്ഥമില്ല.ൈൈൈ അകം യഥാർത്ഥമായി ശരിയായാൽ പുറവും ശരിയായിരിക്കും. അതുകൊണ്ടാണ് എബ്രായ ലേഖനത്തിൽ വായിക്കുന്നത് ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല.

വിശുദ്ധീകരണം ഇല്ലാത്തതുകൊണ്ട് മുന്നിൽ നിൽക്കുന്നവരെ നാം വെറും മനുഷ്യരായി കാണുകയാണ്. നമ്മുടെ ദൈവദാസന്മാരുടെ നേതൃത്വത്തെ നാം വെറും മനുഷ്യരായിട്ടാണ് കാണുന്നത്. അവരിലൂടെ ഉള്ള ദൈവാലോചന നമുക്ക് വെറും മാനുഷിക ആലോചനയായിട്ടു മാത്രമെ തോന്നുന്നുള്ളു. എന്നാൽ ക്രിസ്തുവിനു പകരം സ്ഥാനാപതികളായി ദൈവത്താൽ ആക്കപ്പെട്ട വ്യക്തി ആണെന്നുള്ള കാഴ്ചപ്പാട് വരുമ്പോൾ നമ്മുടെ സ്ഥിതി മാറുകയാണ്. വീടിന്റെ, സഭയുടെ അവസ്ഥ മാറുകയാണ്.

കർത്താവിന്റെ പരസ്യ ശുശ്രൂഷാ കാലത്ത് കർത്താവ് കടലിന്റെ മുകളിലൂടെ നടന്നു ചെന്നപ്പോൾ ശിഷ്യന്മാർ പറഞ്ഞു "അതാ ഭൂതം" എന്ന്. ഇന്ന് എത്ര അധികമായി നാം സംശയിക്കും. ഇന്ന് നമ്മുടെ കഷ്ടതയിൽ, രോഗത്തിൽ, കടഭാരത്തിൽ നമ്മെ കരം തന്ന് വിടുവിക്കുവാൻ വരുന്ന കർത്താവിനെ കാണുവാൻ കഴിയുന്നില്ലെങ്കിൽ നാം എത്ര പാരമ്പര്യ വിശ്വാസി ആണെന്ന് പറഞ്ഞാലും എത്ര അന്യഭാഷ പറഞ്ഞാലും പ്രയോജനം ഇല്ല. നമ്മുടെ മുന്നിൽ നാം ആരാധിക്കുമ്പോൾ ഇറങ്ങി വരുവാൻ ആഗ്രഹിക്കുന്ന ആ കർത്താവിനെ കാണുവാൻ ഇടയാകണം. സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നു "ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്ക് ചെന്ന് നിന്റെ വിശുദ്ധ മന്ദിരത്തിനു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും (സങ്കീ. 5:7). പലപ്പോഴും നമ്മുടെ മുന്നിൽ നിൽക്കുന്ന പലരേയും വിലയിരുത്തി നാം കർത്താവിനോടകലുന്നു.


കർത്താവ് പറയുന്നു ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തന് അവനവന്റെ പ്രവർത്തിക്ക് തക്കവണ്ണം കൊടുക്കുവാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. അപ്പോസ്തോലനായ പൗലോസ് എഫസോസ് സഭക്ക് ലേഖനം എഴുതുമ്പോൾ പറയുന്നത് (എഫേ. 1:15) ആ സഭയിലുള്ള വിശുദ്ധന്മാർക്ക് സകല വിശുദ്ധന്മാരോടുമുള്ള സ്നേഹം ഓർക്കുമ്പോൾ അവർക്കുവേണ്ടി സ്തോത്രം ചെയ്യുന്നു എന്നാണ്. എന്നാൽ വെളിപ്പാട് പുസ്തകത്തിൽ പറയുന്നു (വെളി.2:4) അവരുടെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു എന്നാണ് ഇതിനിടയിൽ ഈ വിശുദ്ധന്മാർക്ക് എന്ത് സംഭവിച്ചു.

ഞാൻ ഒരു സഭയിൽ ശുശ്രൂഷിക്കുമ്പോൾ ഞങ്ങൾ കുടുംബമായി 21 ദിവസം പൂർണ്ണമായി ഉപവസിക്കുകയാണ്. ആദ്യത്തെ ദിവസങ്ങൾ വേദപഠന ക്ലാസുകൾ ആയിരുന്നു. ആദ്യത്തെ നാലു ദിവസം അനുഗ്രഹീതനായ ഒരു ദൈവദാസൻ ഞങ്ങളോടുകൂടെ താമസിച്ചുകൊണ്ട് ഒരു വിഷയം പഠിപ്പിക്കുകയാണ്. അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷ ചെയ്യുന്ന വളരെ തിരക്കുള്ള ദൈവദാസനാണ് അദ്ദേഹം. ഭക്ഷണത്തിന് വിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, "നിങ്ങൾ കുടുംബമായി ഉപവാസം ഇരിക്കുമ്പോൾ ഞാൻ ഇങ്ങനെ നിങ്ങളെ ബുദ്ധിമുട്ടിച്ചാൽ ദൈവം പൊറുക്കുകയില്ല. അതുകൊണ്ട് ഞാൻ ആ അടുക്കളയിൽ കയറി അൽപം കഞ്ഞി ഉണ്ടാക്കി കഴിച്ചു കൊള്ളാം". ശുശ്രൂഷ കഴിഞ്ഞ് പോയപ്പോൾ ഒരു കവർ കൊടുത്തു, അതും വളരെ നിർബന്ധിച്ച്. വീട്ടിൽ ചെന്നിട്ട് എന്നെ വിളിച്ചു, "ദൈവദാസാ ഇത് വളരെ കൂടുതലാണ്. അതുകൊണ്ട് അക്കൗണ്ട് നമ്പർ തന്നാൽ എന്റെ ആവശ്യത്തിന് എടുത്തിട്ട് ബാക്കി അയച്ചു തരാം". നാം ഇവരെ ഓർക്കുമ്പോൾ സ്തോത്രം ചെയ്യാതിരിക്കുമോ? ഇന്ന് ശുശ്രൂഷയെ ഒരു ആദായ സൂത്രമാക്കി മാറ്റികൊണ്ടിരിക്കുമ്പോൾ ശുശ്രൂഷക്കും ശുശ്രൂഷകനും വില കുറഞ്ഞിരിക്കുമ്പോൾ നാം എത്ര ശ്രദ്ധയുള്ളവരായിരിക്കണം. പൗലോസ് ഫിലിപ്പ്യ ലേഖനത്തിൽ പറയുന്നു; താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ഞാൻ ശീലിച്ചിരിക്കുന്നു (ഫിലി. 4:12). ഏത് സാഹചര്യത്തിലും ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്ന ഒരു കർത്താവ്. മോശ പറയുന്നു, ഞാൻ ദൈവജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നത് തെരഞ്ഞെടുത്തു. ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി. ഇന്ന് പലരും തങ്ങളെ വലുതാക്കി കാണിക്കുവാൻ പലതും കാട്ടികൂട്ടുമ്പോൾ അനേകരും കർത്താവിനെ കാണാതെ പോകുന്നു. നമുക്ക് ഒരു ശുദ്ധീകരണം ആവശ്യമാണ്. എങ്കിൽ മാത്രമെ ഒരു ഐക്യത വെളിപ്പെടുകയുള്ളു. നാം കർത്താവിനായി ചെയ്യുന്നതിനെല്ലാം കർത്താവിന്റെ പക്കൽ പ്രതിഫലം ഉണ്ട്. ആയതിനാൽ കർത്താവിനെന്നവണ്ണം നമുക്ക് പ്രവർത്തിക്കാം, ജീവിക്കാം, അതിനായി കർത്താവ് നമ്മെ സഹായിക്കട്ടെ.




അനുസ്മരണം

# ഉടുപ്പ് മലിനമാകാതെ പാസ്റ്റർ കെ. സി. ചെറിയാൻ



പാസ്റ്റർ കെ. സി. ചെറിയാൻ തന്റെ പരദേശ പ്രയാണം പൂർത്തിയാക്കി താൻ പ്രിയംവെച്ച കർത്ത്യ സന്നിധിയിലേക്ക് 2016 ഡിസംബർ 30 ന് വിളിച്ചു ചേർക്കപ്പെട്ടു. താൻ ധരിക്കുന്ന വസ്ത്രം പോലെ വെണ്മായിരുന്ന, തന്റെ ജീവിതം കറപുരളാതെ ഓടി തികയ്ക്കുവാൻ കർത്ത്യ ദാസന് ദൈവം കൃപ നൽകി. വിശ്വാസികളുടെ ഇടയിലും അവിശ്വാസികളുടെ ഇടയിലും ക്രിസ്തുവിന് സൗരഭ്യ വാസനയോടെ ജീവിതം പുർത്തിയാക്കുവാൻ കുഞ്ഞച്ചയാൻ എന്ന് അടുപ്പക്കാർ വിളിക്കുന്ന കെ.സി യ്ക്ക് കഴിഞ്ഞു. ദൈവവചനത്തോട് കുട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെയുള്ള ശുശ്രുഷകൾ വിശ്വാസികളുടയും ദൈവദാസന്മാരുടെയും ജിവിതത്തിൽ തിരുത്തലുകളും അനുതാപവും ഉണർവും ഉണ്ടാക്കി. കോട്ടയത്ത് ദുരപദേശക്കാരുടെ വേലിയേറ്റം ഉണ്ടായപ്പോൾ ദൈവം തന്നെ ഏൽപ്പിച്ച സെന്ററിനെ പഥ്യോപദേശത്തിൽ നിലനിർത്തുവാൻ സാധിച്ചു.

കോട്ടയത്ത് ഐപിസിയുടെ രണ്ട് സെന്ററുകളും ഒരുമിച്ച് നടത്തുന്ന കൺവൻഷനുകളിലെ സംയുക്ത സഭായോഗത്തിൽ എത്ര വലിയ അതിഥി പ്രഭാഷകർ ഉണ്ടെങ്കിലും പ്രിയ കുഞ്ഞച്ചയാൻ അൽപ്പ സമയം എങ്കിലും ശുശ്രൂഷിക്കണം എന്നുള്ളത് ഇവിടുത്തെ കർത്തൃദാസന്മാരുടെയും വിശ്വാസികളുടെയും ആഗ്രഹം ആയിരുന്നു. അദേഹത്തിന്റെ മുഖത്തെ ശോഭയും, കണ്ണുനീരോടുകുടിയ ദൈവവചന ശ്രുശുഷയും, ആത്മാൽത്ഥതയും ഇതു ശരിവെയ്ക്കുന്നു.



ബെന്നിപുളേളാലിക്കൽ

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെകോട്ടയത്തെ ആരംഭകാല കുടുംബമായിരുന്ന താഴത്തങ്ങാടി കടവൂർ സ്കാറിയാച്ചന്റെയും ശോശാമ്മയുടെയും മകനായി 1935ൽ കെ. സി. ചെറിയാൻ ജനിച്ചു. 7-ാ മത്തെ വയസ്സിൽ രക്ഷിക്കപെട്ട് 15-ാ മത്തെ വയസ്സിൽ സ്നാനപെട്ട് കഞ്ഞികുഴി ഫിലദൽഫിയ സഭംഗമായി. വിദ്യഭ്യാസാനന്തരം ലഭിച്ച ബാങ്ക് ജോലി രാജിവെച്ച് 1960ൽ സുവിശേഷ വേലയ്ക്കു ഇറങ്ങി. വടവാതൂർ ശാലോം ബൈബിൾ സ്കൂളിലും തുടർന്ന് ബാഗ്ലൂരിൽ ട.അ.ആ.ഇ. യിൽ നിന്ന് ആ.ഠവ. വേദബിരുദവും, സിഗപ്പൂർ ഹഗ്ഗായി ഇൻസ്റ്റി റ്റ്യൂട്ടിൽ നിന്ന് നേതൃപരിശിലന ബിരുദവും സമ്പാദിച്ച് കർത്ത്യ വേലയിൽ പ്രയോജനപ്പെട്ടു. പാസ്റ്റർ പി. എം. ഫിലിപ്പ്, പാസ്റ്റർ റ്റി. പി. വർഗീസ്, പാസ്റ്റർ പി. കെ. ചാക്കോ, പാസ്റ്റർ വി. എം. ചാക്കോ, പാസ്റ്റർ കെ. സി. ഫിലിപ്പ്, പാസ്റ്റർ എം റ്റി ജോസഫ്, പാസ്റ്റർ മാങ്ങാനം ജോസഫ് എന്നിവരോടൊപ്പം പ്രവർത്തിക്കുകയും പിന്നിട് കോട്ടയം സെന്ററിന്റെ ചുമതല എൽക്കുകയും ചെയ്തു. കുവൈറ്റ് ഐ.പി.സി, ടാബർനാക്കിൾ, കുമരകം അട്ടിപിടിക, തലപ്പാടി, വടവാതൂർ, കൊല്ലാട്, ഫിലദൽഫിയ, ഹെബ്രോൻ കുമ്പനാട് തുടങ്ങി സഭകളിലും ശ്രുശുഷകനായി പ്രവർത്തിച്ചിട്ടുണ്ട്. അദ്ധ്യാപികയായിരുന്ന പരേതയായ അന്നമ്മയാണ് ഭാര്യ. മക്കൾ സുസൻ ജോയ്, ജലസേചനവകുപ്പിൽ അസി.എഞ്ചിനീയറായ സാം ചെറിയാൻ.

എന്റെ വല്ല്യയപ്പച്ചൻ പുളേളാലിക്കൽ ചാക്കോച്ചനും, പാസ്റ്റർ കെ. സി. ചെറിയാനും അദ്ദേഹത്തിന്റെ പിതാവ് സ്കറിയച്ചായനും ഒക്കെ ഒരുമിച്ച് കഞ്ഞികുഴി ഫിലദൽഫയ സഭയക്ക് കാരണമായ കുട്ടായ്മ മുതൽ സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. 1998ൽ പാസ്റ്റർ കെ. സി. ചെറിയാൻ പ്രസിഡന്റായി കോട്ടയം ഐ.പി.സി കോഓർഡിനേഷൻ കമ്മറ്റിയിൽ അദേഹത്തിന്റെ കിഴിൽ ട്രഷററായി പ്രവർത്തിസക്കുവാനും സ്നേഹ ബന്ധം വർദ്ധിപ്പിക്കുവാനും സാധിച്ചു. ഏതാനും വർഷയങ്ങൾക്കു മുമ്പ് കോട്ടയം കൺവൻഷൻ പാസ്റ്റർ കെ. സി. ചെറിയാൻ ഉദ്ഘാടനം ചെയ്യുന്ന പടം മലയാള മനോരമയിൽ പ്രസിദ്ധികരിച്ചു. പക്ഷെ അതിനു അടികുറിപ്പായി വന്നത് മറ്റൊരു ദൈവദാസന്റെ പേരാണ്. രാവിലെ തന്നെ പലരും മീഡിയയുടെ ചുമതലയുള്ള എന്നെ വിളിച്ചു കുറ്റപ്പെടുത്തുവാൻ തുടങ്ങി. അപ്പോൾ തന്നെ ഞാൻ അദേഹത്തന്റെ വിട്ടിൽ ചെന്ന് കാര്യങ്ങൾ ബോധ്യപ്പെടുത്തി. ഇത്രയും ഗൗരവമില്ലാത്ത കാര്യം പറയുവനാണോ വന്നതെന്ന്! എന്നോട് ചോദിച്ചു. ഇനിയും ആരെങ്കിലും വിളിച്ചാൽ പാസ്റ്റർ കെ. സി. ചെറിയാനെ ഇല്ലാത്ത ബുദ്ധിമുട്ട് മറ്റാർക്കും വേണ്ടായെന്ന്! പറഞ്ഞേക്കാൻ എന്നോട് പറഞ്ഞത് അദ്ദേഹത്തിന്റെ സ്വഭാവ വൈശിഷ്ട്യത്തിന്റെ തെളിവാണ്. പത്രത്തിൽ പേര് വരാനും, പ്രശസ്തിയക്കും, പണത്തിനും വേണ്ടി ശുശ്രൂഷക്ക് ഇറങ്ങിയതല്ലല്ലോ ഇതു പോലെയുള്ള അത്മിയരായ ദൈവദാസന്മാർ. ഒത്തിരി ഓർമ്മകൾ ഉണ്ടെങ്കിലും വിസ്താരഭയത്താൽ നിർത്തുന്നു. നിത്യതയുടെ തുറമുഖത്ത് വിണ്ടും കാണാം എന്ന പ്രത്യാശയോടെ വിട.

ചിന്താ രത്നം

# അപവാദം എന്ന ദുർവ്യാധി



ബാബു പൂയപ്പള്ളി

അപവാദംമൂലം വ്യക്തിജീവിതം, കുടുംബജീവിതം, ശുശ്രൂഷ, സഭാവളർച്ച, മറ്റ് ആത്മീയ-ഭൗമിക നേട്ടങ്ങൾ ഒക്കെ താറുമാറാകുന്ന അവസ്ഥ സ്വാനുഭത്തിലൂടെയും മറ്റുള്ളവരിലൂടെയും അറിയുന്നവരാണ് നമ്മിൽ മിക്കവരും. ഒരർബുദംപോലെ പടർന്നു പിടിക്കുകയും കാർന്നു തിന്നുകയും ചെയ്യുന്ന ഈ മഹാവിപത്ത്, പ്രചരിപ്പിക്കുന്നവർക്ക് അല്പം മാനസിക സംതൃപ്തി ലഭിക്കുന്നുവെങ്കിലും; അതിന് ഇരയാകുന്നവർ അനുഭവിക്കുന്ന ദുഃഖം വർണ്ണനാധീതമാണ്. അസൂയയിൽ നിന്നും, ഊഹാപോഹങ്ങൾ കേൾക്കുന്നതിലൂടെയും, തെറ്റിദ്ധാരണയിലൂടെയും, തന്നെക്കാൾ മറ്റൊരുവൻ പ്രശംസിക്കപ്പെടുകയും ഉയരപ്പെടുകയും ചെയ്യുമ്പോഴൊക്കെയാണ് അപവാദം പറയാൻ പ്രേരിതരാകുന്നത്. നല്ല മനഃസാക്ഷിയോ, കുറ്റബോധമുള്ള ഹൃദയമോ, ദൈവഭയമോ ഉള്ള ഒരുവന് അപവാദം പരത്തുവാൻ കഴിയില്ല. എന്നാൽ അതൊരു തൊഴിലായി എടുത്തവരും എപ്പോഴും ആരെയെങ്കിലും എന്തെങ്കിലുമൊക്കെ പറഞ്ഞില്ലെങ്കിൽ സമാധാനമില്ലാത്തവരും വളരെയാണ്. അവർ മറ്റുള്ളവരുടെ ഉയർച്ചയിലും നന്മയിലും കണ്ണുകടിയുള്ളവരാണ്, അതിലുപരി പിശാചിന്റെ പ്രതിനിധികളാണ്. (യാഥാർത്ഥ്യം പറയുന്നത് അപവാദമല്ല, എങ്കിലും വ്യക്തിത്വത്തെ ഹനിക്കുന്ന രീതിയിൽ പരസ്യപ്രസ്താവന ശരിയല്ല).

മിക്കപ്പോഴും ഒരുവൻ മറ്റൊരാളെപ്പറ്റി അപവാദം പറയുന്നത്; അവരെ തരംതാഴ്ത്താനും അവരുടെ നിഷ്കളങ്കജീവിതത്തെ, പേരിനെ, ഉയർച്ചയെ, അപകീർത്തിക്കാനും അവരെക്കാൾ കേമനാണ് (ശ്രേഷ്ഠനാണ്) താനെന്നു വരുത്തിതീർക്കുവാനുമാണ്. കൂടാതെ, തന്നെക്കാളധികം അവർ വളരുന്നതിലുള്ള അസൂയയും അവർ ഇങ്ങനെയുള്ളവർക്കു കീഴടങ്ങുകയോ ഇംഗിതത്തിനു നിൽക്കയോ ചെയ്യാത്തതുകൊണ്ടുമാണ്. അത് മാതാപിതാക്കളിലും സഹോദരങ്ങളിലും ചാർച്ചക്കാരിലും അയല്ക്കാരിലും കൂട്ടുസഹോദങ്ങളിലും കർത്തൃദാസന്മാരിലും ഒക്കെ പ്രകടമാകുന്ന ഒരു ദുർവ്യാധിയാണ്.

അപവാദം പറയുന്നവർ മരിച്ചാലും, അവർ പ്രചരിപ്പിച്ച അപവാദം മരിക്കുന്നില്ല. അതു കേട്ടവർ ഹൃദയത്തിൽ കരുതികൊള്ളുകയും അതിൻപ്രകാരം വീക്ഷീക്കുകയും പ്രതികരിക്കുകയും, അതു മറ്റുള്ളവരോടു പറയുകയും ചെയ്യും . അപവാദം കേട്ടവരിലൂടെയുള്ള പ്രതികരണം പലപ്പോഴും ഇരയെ മുൾമുനയിൽ നിർത്തുന്ന അവസ്ഥയുണ്ടാക്കും. അവരോടു സത്യാവസ്ഥ പറഞ്ഞു ഫലിപ്പിക്കാമെന്നു വിചാരിച്ചാൽ, അനുഭവസ്ഥനായ നീ പറയുന്നതല്ല ശരി, കേട്ട ഞാൻ പറയുന്നതാണ് സത്യം എന്നു വാദിക്കും. അവരുടെ മുന്നിൽ തോറ്റു കൊടുക്കുകയോ, വായ് അടയ്ക്കുകയേയുള്ളൂ ഏകമാർഗ്ഗം.

പരമാർത്ഥതയോടും സത്യസന്ധതയോടും ജീവിക്കുന്നവരാണ് അപവാദത്തിനു കൂടുതലും ഇരയാകുന്നത്. സ്വകാര്യതയിലേക്കും വ്യക്തിത്വത്തിലേക്കുംവരെ അപവാദപ്രചരണം വ്യാപിക്കുമ്പോൾ ജീവനൊടുക്കുന്നവർപോലുമുണ്ട്. ചിലർ തെറ്റായ പാതയിലേക്കു തിരിയുകയും പ്രതികാരബുദ്ധിയോടെ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. മറ്റുചിലർ നിരാശിതരായി എല്ലാറ്റിൽ നിന്നും ഉൾവലിഞ്ഞു ജീവിക്കുന്നു. എന്നാൽ ആത്മധൈര്യത്തോടെ അതിനെ ചെറുക്കുകയും അതിന്മേൽ ജയിക്കുകയും പൂർവ്വാധികം ശക്തിയോടെ ജീവിതത്തെ നയിക്കുകയും ചെയ്യുന്നവരുമുണ്ട്. അപവാദംമൂലം സ്ഥാനം നഷ്ടപ്പെട്ടവരും മാനം പോയവരും പേരിനും പ്രശസ്തിക്കും ഭംഗം വന്നവരും കുടുംബബന്ധം ശിഥിലമായവരും ഭാവി ഇരുളടഞ്ഞവരും ലക്ഷ്യം തെറ്റിയവരും മാനസികപ്രയാസം അനുഭവിക്കുന്നവരും നിരവധിയാണ്.

ആത്മീയമണ്ഡലത്തിലും പിശാചിന്റെ ഏറ്റവും വലിയ ആയുധമായി പ്രവർത്തിക്കുന്നത് അപവാദപ്രചാരണമാണ്. നീതിമാനെ നീതികെട്ടവനാക്കാനും, സത്യസന്ധനെ കള്ളനാക്കാനും, മാന്യതയുള്ളവനെ ദുഷ്ടനാക്കാനും സ്വന്തം നിലനില്പിനുവേണ്ടി എന്തപവാദവും പറയാൻ മടിക്കാത്തവർ ആത്മീയലോകത്തിൽ വിരാജിക്കുകയാണ്. വളർച്ചയെ ഇല്ലാതാക്കാൻ, ശുശ്രൂഷയെ തകർക്കാൻ, പേരിനെ കളങ്കപ്പെടുത്താൻ, സ്ഥാനത്തുനിന്നു താഴെയിറക്കാൻ, അധികാരകസേര സ്വന്തമാക്കാൻ, നല്ല സഭ കിട്ടാൻ, ഏതെങ്കിലും ഒരു സ്ഥാനം നേടാൻ, മറ്റുള്ളവരുടെ മുമ്പിൽ പ്രശംസിക്കപ്പെടാൻ, സാക്ഷ്യമുള്ളവരെ ഇടിച്ചു താഴ്ത്താൻ എന്നുവേണ്ട ഏതെല്ലാം രീതിയിലുള്ള അപവാദപ്രചരണങ്ങളാണ് ആത്മീയരെന്നു പറയുന്ന ശുശ്രൂഷകരും വിശ്വാസികളും നടത്തുന്നത്. അതുമൂലം അനേകം ആത്മീയർ ദുഃഖിക്കുകയും ശുശ്രൂഷക്കു മങ്ങലേൽക്കുകയും പേര് കളങ്കപ്പെടുകയും ചെയ്തിട്ടുണ്ട്. എവിടെയെല്ലാം ദൈവനാമം ദുഷിക്കപ്പെട്ടിരിക്കുന്നു? സഭാവളർച്ച മുരടിക്കുന്നു? ആത്മാക്കൾ രക്ഷിക്കപ്പെടാതിരിക്കുന്നു?

അതിനാൽ അപവാദം പറയാൻ വായ് തുറക്കുന്നവർ ഓർക്കുക, ഊഹാപോഹങ്ങളും കേട്ടുകേൾവിയും ശരിയാണോ? എന്നെ സ്വയം നീതീകരിച്ചു നല്ലതായി കാണിക്കാനും മറ്റുള്ളവരോടുള്ള അസൂയയിൽ നിന്നുമാണോ ഞാനിതു പറയുന്നത്? മറ്റുള്ളവരുടെ ഉയർച്ചയും നന്മയും ഉൾകൊള്ളാൻ കഴിയാതെയും എനിക്കതുപോലെ ആകാൻ കഴിയാത്തതുമാണോ അതു പറയാൻ പ്രേരിപ്പിക്കുന്നത്? അതോ, കൂടെനില്ക്കുന്നവരെ പ്രസാദിപ്പിക്കാനും എനിക്കെന്തെങ്കിലും ചെറിയ നേട്ടങ്ങൾ ഉണ്ടാകാനാണോ? മനുഷ്യൻ പറയുന്ന ഏതു നിസാരവാക്കിനും ഒരു ന്യായവിധിയുണ്ടെന്നു ഗ്രഹിക്കുക. നാളെ നിങ്ങളെക്കുറിച്ച് ഒരപവാദം കേൾക്കുമ്പോഴായിരിക്കും അതിന്റെ പ്രത്യാഘാതം മനസിലാകുന്നത്.

**അതിനാൽ അപവാദം പറയാൻ വായ് തുറക്കുന്നവർ ഓർക്കുക, ഊഹാപോഹങ്ങളും കേട്ടുകേൾവിയും ശരിയാണോ? എന്നെ സ്വയം നീതീകരിച്ചു നല്ലതായി കാണിക്കാനും മറ്റുള്ളവരോടുള്ള അസൂയയിൽ നിന്നുമാണോ ഞാനിതു പറയുന്നത്? മറ്റുള്ളവരുടെ ഉയർച്ചയും നന്മയും ഉൾകൊള്ളാൻ കഴിയാതെയും എനിക്കതുപോലെ ആകാൻ കഴിയാത്തതുമാണോ അതു പറയാൻ പ്രേരിപ്പിക്കുന്നത്?**

അപ്പോൾ നിങ്ങൾ എപ്രകാരം പ്രതികരിക്കുകയും പൊട്ടിത്തെറിക്കുകയും ചെയ്യുമെന്നറിയാം.

അതിനാൽ അപവാദം പറയുന്നവരും കേൾക്കുന്നവരും യാഥാർത്ഥ്യം മനസിലാക്കുക, നാം മുഖാന്തിരം മറ്റൊരാൾ ദുഃഖിക്കാതിരിക്കട്ടെ. ഗുണം ചെയ്തില്ലെങ്കിലും ദോഷം ചെയ്യാതിരിക്കുക. സങ്കീർത്തനക്കാരനെപ്പോലെ നമുക്കും പറയാം:

യഹോവേ, എന്റെ വായ്ക്കു ഒരു കാവൽ നിർത്തി, എന്റെ അധരദ്വാരം കാക്കേണമേ.

# ചാരിറ്റി ബോർഡ് സഹായ വിതരണം



**കൊട്ടാരക്കര:** ഐപിസി കേരളാ സ്റ്റേറ്റ് ചാരിറ്റി ബോർഡിന്റെ ആഭിമുഖ്യത്തിൽ 13 പേർക്ക് വൈദ്യ, വിവാഹ സഹായങ്ങൾ വിതരണം ചെയ്തു. മേഖലാ കൺവൻഷനോടനുബന്ധിച്ച് 5 ന് ചെയർമാൻ പാസ്റ്റർ ജോൺ റിച്ചാർഡിന്റെ അധ്യക്ഷതയിൽ പാസ്റ്റർ ബഞ്ചമിൻ വർഗീസ് വിതരണോദ്ഘാടനം നിർവഹിച്ചു. ചാരിറ്റി ബോഡ് സെക്രട്ടറി ജോസ് ജോൺ, ട്രഷറാർ പീറ്റർ മാത്യു കല്ലൂർ, സജി ഏബ്രഹാം, ഡി. അലക്സാണ്ടർ, ജയിംസ് അലക്സാണ്ടർ, ജയിംസ് ജോർജ്, പി.എം. ഫിലിപ്പ്, കെ.പി. തോമസ് എന്നിവർ പ്രസംഗിച്ചു.



കുമ്പനാട് ഹെബ്രോൻപുരത്ത് നിർമ്മിച്ച കൺവെൻഷൻ സ്റ്റേജിന്റെ പ്രതിഷ്ഠാ ശുശ്രൂഷ സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നിർവ്വഹിക്കുന്നു

# കുമ്പനാട് കൺവൻഷൻ വേദി ഉദ്ഘാടനം ചെയ്തു

**കുമ്പനാട്:** ആത്മീയ അനുഗ്രഹത്തിന്റെ കലവറ തുറക്കുന്ന ദിനങ്ങൾക്കായി കുമ്പനാട് ഹെബ്രോൻപുരത്ത് വേദിയൊരുങ്ങി. 40 ലക്ഷത്തോളം രൂപ ചിലവഴിച്ച് നിർമ്മിച്ച കൺവൻഷൻ സ്ഥിരം സ്റ്റേജിന്റെ ഉദ്ഘാടനം ഐ.പി.സി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നിർവഹിച്ചു. സഭ സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി.എസ്.ഏബ്രഹാം ഫലകം അനാച്ഛാദനം ചെയ്തു. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ.കെ.സി ജോൺ അധ്യക്ഷത വഹിച്ചു. ഇതോട് ചേർന്ന് പൂർണ്ണസമയ പ്രാർത്ഥനയ്ക്കായി പ്രെയർ ചേംമ്പറും പ്രവർത്തനം തുടങ്ങി.

ജനറൽ ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ്, ട്രഷറർ സജി പോൾ, എൻ.എം.രാജു, സ്റ്റേറ്റ് ഭാരവാഹികളായ പാസ്റ്റർ കെ.സി.തോമസ്, രാജു പൂവക്കാല, ഷിബു നെടുവേലിൽ, സി.സി.ഏബ്രഹാം, ജോയി താനുവേലിൽ, ജോയി കുമ്പനാട്, ജനറൽ-സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ എന്നിവർ പ്രസംഗിച്ചു.

## പ്രതികരണം

ആത്മീയ സംഗമങ്ങൾ ആഘോഷങ്ങളാക്കുമ്പോൾ എന്ന പേരിൽ ഫിന്നി പി. മാത്യു കഴിഞ്ഞ ലക്കം സ്വർഗിയധ്വനിയിൽ പ്രസിദ്ധീകരിച്ച വീക്ഷണം, വളരെ വേദനയോടും മനോഭാരത്തോടുകൂടിയാണ് ഞാൻ വായിച്ചു തീർത്തത്. വിശുദ്ധിക്കും നിർമ്മലതക്കും സത്യത്തിനും വേണ്ടി ചുരുക്കം ചിലർ ഏകദേശം 100 വർഷങ്ങൾക്കു മുമ്പ് ലോകസുഖങ്ങൾ വെടിഞ്ഞ് പെന്തെക്കോസ്ത് അനുഭവത്തിലേക്ക് വന്നു. കൊട്ടും കുരവയും വെടിഞ്ഞ് ആരാധിച്ചിരുന്ന അവരുടെ പിൻതലമുറക്കാർ ഇന്ന് എവിടെ നിൽക്കുന്നു. നമ്മുടെ യുവജനങ്ങൾ ലോകമയത്തിൽ ആയിതീരുന്നത് വലിയ അപകടം തന്നെയാണ്. കോട്ടയത്ത് നടന്ന പിവൈപിഎ ക്യാമ്പിനെ പറ്റി വായിച്ചപ്പോൾ ഒത്തിരി വേദന തോന്നി. പിവൈപിഎ എങ്ങോട്ടാണ് ഗമിക്കുന്നത്? ആകെ 18% മാത്രമാണ് കേരളത്തിലുള്ള ക്രൈസ്തവ വിശ്വാസികൾ. ഏകദേശം 5% മാത്രമായിരിക്കും പെന്തെക്കോസ്ത് വിശ്വാസികൾ. ദൈവം ഭൗതികമായി പെന്തെക്കോസ്തുകാരെ അനുഗ്രഹിച്ചത് ദൈവസന്നിധിയിൽ വിശ്വസ്തരായിരിക്കാൻ മാത്രമാണ്. മാതൃകയുള്ളവരാണോ നമ്മൾ എന്ന് സ്വയം പരിശോധിക്കുമോ? ഭാരതത്തിൽ ആകമാനം 2.5% മാത്രമാണ് ക്രൈസ്തവർ. നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. നമ്മുടെ പണം സുവിശേഷത്തിനുവേണ്ടി മുടക്കി ആത്മാക്കളെ നേടിയില്ലെങ്കിൽ ദൈവം നമ്മെ ശിക്ഷിക്കും. യുവതിയുവാക്കളെ നിങ്ങൾ ഉണർന്ന് വിശുദ്ധിക്കുവേണ്ടി നിലനിൽക്കുമോ?

**റാന്നി അച്ചായൻ**

# പൂർവ്വ വിദ്യാർത്ഥി സമ്മേളനം

**കുമ്പനാട്:** ഇന്ത്യാ ബൈബിൾ കോളജിലെയും ഹെബ്രോൻ ബൈബിൾ കോളജിലെയും (1930–1993) പൂർവ്വ വിദ്യാർത്ഥികളുടെ 2017 ജനുവരി 19 വ്യാഴം, ഉച്ചയ്ക്ക് 2 മുതൽ കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജ് ഓഡിറ്റോറിയത്തിൽ നടക്കും. റവ. റ്റി. വത്സൻ ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തും. സമ്മേളനത്തിൽ മുതിർന്ന പൂർവ്വ വിദ്യാർത്ഥികളെ ആദരിക്കും. പാസ്റ്റേഴ്സ് ജേക്കബ് വർക്കി (പ്രസിഡന്റ്), സാംകുട്ടി മാത്യു (ജനറൽ സെക്രട്ടറി), ലാലു കോശി (ട്രഷറാർ), അലക്സ് പാപ്പച്ചൻ, കെ. ജെ. മാത്യു, സാബു തോമസ്, സജി മത്തായി തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകും. ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി ഈ വർഷവും സഹായങ്ങൾ നൽകും.

# കൺവൻഷൻ

**പെരുന്തൽമണ്ണ:** ഐപിസി പെരിന്തൽമണ്ണ ഏരിയാ കൺവൻഷൻ ഫെബ്രുവരി 1–4 വരെ പെരിന്തൽമണ്ണ പടിപ്പുര സ്റ്റേഡിയം ഗ്രൗണ്ടിൽ നടക്കും. ഏരിയാ കൺവീനർ പാസ്റ്റർ ബിജോയ് കുര്യാക്കോസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ.ജെ. തോമസ്, ബാബു ചെറിയാൻ, ബി മോനച്ചൻ എന്നിവർ പ്രസംഗിക്കും.

# പരസ്യ യോഗം

**കാസർഗോഡ്:** ഐപിസി കാസർഗോഡ് സെന്ററിന്റെ ആഭിമുഖ്യത്തിൽ കൊന്നക്കാട് ഭാഗങ്ങളിൽ പരസ്യയോഗവും ഭവനസന്ദർശനവും നടന്നു. പാസ്റ്റർ സന്തോഷ് മാത്യു നേതൃത്വം നൽകി.

# സെന്റർ കൺവൻഷൻ

**അടൂർ:** ഐ.പി.സി അടൂർ വെസ്റ്റ് സെന്റർ വാർഷിക കൺവൻഷൻ ഫെബ്രുവരി 1–5 വരെ കടമ്പനാട് ഐ.പി.സി ഹെബ്രോൺ ഗ്രൗണ്ടിൽ നടക്കും. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ റ്റി.ഡി. ബാബു, എബി ഏബ്രഹാം, സണ്ണി കുര്യൻ, ഫിലിപ്പ് പി. തോമസ്, സാം ജോർജ്, ജോൺസൺ ദാനിയേൽ, ഡോ. ജോയി ജോസഫ് എന്നിവർ പ്രസംഗിക്കും. സെന്റർ കൺവൻഷൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സണ്ടേസ്കൂൾ, പി.വൈ.പി.എ, സോദരീസമാജം വാർഷിക യോഗങ്ങൾ കൺവൻഷനോടനുബന്ധിച്ച് നടക്കും. പാസ്റ്റർമാരായ തോമസ് ജോസഫ്, ഏ.സി. ജോസ്, ബിജു കോശി, സാജൻ ഈശോ, മാർക്ക് എൻ തങ്കച്ചൻ, സഹോദരന്മാരായ ജോസ് പുതുമല, അലക്സാണ്ടർ എ. എന്നിവർ നേതൃത്വം നൽകും.

**തൃശൂർ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ പീച്ചി സെന്റർ കൺവൻഷൻ ഫെബ്രുവരി 9–12 വരെ ആൽപ്പാറ സെന്ററിനു സമീപമുള്ള ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ കെ.ഒ. വർഗീസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ റ്റി.ഡി. ബാബു, പി.സി. ചെറിയാൻ, തോമസ് ഫിലിപ്പ്, ഫിലിപ്പ് പി. തോമസ്, സാം ജോസഫ് എന്നിവർ പ്രസംഗിക്കും.

NEW LIFE BIBLICAL SEMINARY
Accredited by Asia Theological Association (ATA)
Residential Programs ...
**Master of Theology** (M.Th in Missiology& Church History)
Two years residential program for the B.D. & M.Div holders with B+ grade
**Master of Divinity** (M.Div)
Three years program for the university graduates
Two years for the qualified B.Th holders with B grade
**Bachelor of Theology** (B.Th)&**Bachelor of Arts**(B.A)
From a recognized university, Three years program in English & Malayalam medium for the +2 holders or equivalent
**Diploma in Theology** (Dip.Th English)
Two years program in English for the candidates with 10th Pass
**Graduate in Theology** (G.Th Malayalam)
Three years program for the candidates with S.S.L.C (N.L.B.S Program)
Next academic Year Commences From April 24th, 2017
For Prospectus & Further details Please Send M.O. of Rs. 100/, For M.Th Prospectus & Further details Please Send M.O. of Rs. 250/-
The Registrar, New Life Biblical Seminary, Cheruvakkal P.O., Ayoor 691533, Kollam, Kerala, India.
PH : 9447766316, 9961708795
E-mail: newlifebs2008@hotmail.com, newlifebs2008@gmail.com.
Visit us on : www.nlbs.org
Distance education
**Master of Divinity** (M.Div) (ATA Accredited)
Application invited from university graduates B.Th with B grade degree holders mature candidates (Both men and Women).
Next batch starts from Feb 20th to 24th

# MY MOM - MY MENTOR

*(Page from 2)*

cess or acclaim. But she pressed with intense stamina and resilience "toward the mark for the prize of the high calling of God in Christ Jesus". (Philippians 3:14)

Mummy had no double standards, she treated everyone the same. She taught me to minister to the needs of others, irrespective of the background and status of the individual. She taught me to "act justly and to love mercy and to walk humbly with your God". (Micah 6:8) She never compared us siblings or others in any way, but encouraged us to build on our strengths and to appreciate the life that God ordained for us. Even when circumstances were beyond our control and the enemy tried to make me feel disqualified, Mummy taught me that I am a daughter of destiny, uniquely designed by our Creator and powerfully purposed.

Her love and zeal for evangelism, teaching women truly inspired and influenced me. Recently I didsome short inspirational recordings of a series called EquipHer and sent them to Harvest TV on November 12/2016. I was not aware when they were going to start broadcasting it. To my surprise they broadcasted the first session on November 25/2016. Harvest TV CEO's wife Siji stated that just as she was done uploading the first session on Facebook on November 26/2016, it was the same time she received the message that Mummy went to her eternal home.

I would like to extend my sincere gratitude to all my readers for your prayers, presence expressions of love and comfort during our time of grief. Many of you sent condolences through social media, personal messages, texts, emails and phone calls. We appreciate all your condolences, and my apologies to those whose names were not announced. My sincere appreciation to Harvest TV and team for the live streaming of the viewing and home going services of Mummy.

I am blessed, honored and proud to be Mummy'syoungest daughter along with having her maiden name 'Chacko' as my married name. Mummy's life has been a tremendous blessing and influenced many around the globe and I am proud to carry on that legacy she has left behind. Praise God for the glorious hope that we have in Christ and when the trumpet of the Lord shall sound - I have the assurance that I will see Mummy on that bright and beautiful shore.

# പ്രക്ഷേപണത്തിന്റെ അഞ്ചു വർഷം പിന്നിട്ട ബാഫാ റേഡിയോ ജീവകാരുണ്യ മേഖലയിലേക്കും

'ലോക സുവിശേഷീകരണം' സംഗീതത്തിലൂടെ എന്ന ലക്ഷ്യത്തിൽ 2012 ൽ പ്രവർത്തനം ആരംഭിച്ച ബാഫാ റേഡിയോ പ്രക്ഷേപണത്തിന്റെ അഞ്ചു സംവത്സരങ്ങൾ പിന്നിടുന്നു. ദിവസം മുഴൻ ക്രൈസ്തവ ഗാനങ്ങൾ ലോകത്തിന്റെ ഏത് കോണിൽ നിന്നും ശ്രവിക്കുവാനുള്ള സംവിധാനങ്ങൾ ബാഫാ റേഡിയോയിലുണ്ട്.

ആപ്പിൾ, ആൻഡ്രോയിഡ്, അപ്ലിക്കേഷനുകൾ സൗജന്യമായി ഡൗൺലോഡ് ചെയ്യുന്നതിനൊപ്പം www.bafaradio.com എന്ന വെബ് സൈറ്റ് വഴിയും ഗാനങ്ങൾ ശ്രവിക്കാം. 120 ലധികം രാജ്യങ്ങളിൽ നിന്നുമുള്ള ശ്രോതാക്കളുമായി വിവിധ ഭാഷകളിലെ ഗാനങ്ങളുമായി പ്രക്ഷേപണം ചെയ്യപ്പെടുന്ന ബാഫാ റേഡിയോ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമായി ഇടപെടുമെന്ന് മുഖ്യസംഘാടകനായ സ്റ്റാൻലി ജോൺ പറഞ്ഞു. "Bring a friend along' എന്ന ആപ്തവാക്യവുമായി മുന്നേറുന്ന ബാഫാ റേഡിയോ ക്രൈസ്തവ ഗാന ശാഖയ്ക്ക് എന്നും ഒരു മുതൽക്കൂട്ടു തന്നെയെന്നു പറയാം.

# വാർഷിക കൺവൻഷൻ

**മാവേലിക്കര:** ഐ.പി.സി. ആലപ്പുഴ ഈസ്റ്റ് സെന്റർ 45–ാമത് വാർഷിക കൺവൻഷൻ 2017 ഫെബ്രുവരി 15 മുതൽ 19 വരെ വീയപുരം ആതിര ആഡിറ്റോറിയത്തിൽ വച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പകൽ യോഗങ്ങൾ ഐ.പി.സി. ബഥേൽ ഹാളിൽ വച്ച് 10.00 മുതൽ 1.00 വരെയും രാത്രി യോഗങ്ങൾ വൈകുന്നേരം 6.00 മുതൽ 8.30 വരെയും പാസ്റ്റർ എം. വി. വർഗീസ് ഉദ്ഘാടനം ചെയ്യുന്നു. തുടർന്ന് പ്രഗദ്ഭരായ ദൈവദാസന്മാരായ പാസ്റ്റർ റെജി ശാസ്താംകോട്ട, പാസ്റ്റർ ബി. മോനച്ചൻ, കായംകുളം, പാസ്റ്റർ പി.സി. ചെറിയാൻ, റാന്നി, പാസ്റ്റർ പ്രെയ്സ് കർത്ത, പാസ്റ്റർ ഷിബു നെടുവേലിൽ പലദിവസങ്ങളിലായി വചനശുശ്രൂഷ നിർവ്വഹിക്കുന്നു.

വ്യാഴം, സോദരി സമാജത്തിന് മുഖ്യപ്രഭാഷണം സിസ്റ്റർ. ഒമേഗ സുനിലും വെള്ളി, ഉപവാസ പ്രാർത്ഥന മുഖ്യപ്രഭാഷണം പാസ്റ്റർ മാത്യു വർഗ്ഗീസ് (പോലീസ് മത്തായി)യും നൽകുന്നതാണ്. ശനിയാഴ്ച് സണ്ടേ സ്കൂൾ, പി.വൈ.പി.എ. വാർഷികവും, പാസ്റ്റേഴ്സ് കോൺഫറൻസും ഉണ്ടായിരിക്കുന്നതാണ്.



# കുന്നംകുളം യു.പി.എഫ് കൺവെൻഷൻ സമാപിച്ചു

**കുന്നംകുളം:** 1982–ാംമാണ്ട് കുന്നംകുളത്ത് പ്രവർത്തനം ആരംഭിച്ച പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തെക്കോസ്ത് ഫെല്ലോഷിപ്പിന്റെ 35–ാംമത് വാർഷിക കൺവെൻഷൻ 2017 ജനുവരി 8–ാം തിയ്യതി കുന്നംകുളം വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. യു. പി. എഫ് വൈസ് പ്രസിഡണ്ട് പാസ്റ്റർ ബെന്നി ജോസഫിന്റെ അദ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് യു പി എഫ് ചെയർമാനും ചർച്ച് ഓഫ് ഗോഡ് ഗുരുവായൂർ ഡിസ്റ്റിട്രിക്റ്റ് പാസ്റ്ററുമായ ഇമ്മാനുവേൽ എം. ജി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് : ഡോ. സാജൻ സി. ജേക്കബ് ആമുഖ സന്ദേശം നൽകി. പാസ്റ്റർ കെ. എ ഏബ്രഹാം മുഖ്യസന്ദേശം നൽകി. വൈസ് ചെയർമാൻ പാസ്റ്റർ എ. വി. ജോസ്, പ്രയർ കൺവീനർ പാസ്റ്റർ ടി. പി. ജോസ് പാസ്റ്റർ കുരിയാക്കോസ് ചക്രമാക്കിൽ എന്നിവർ സംസാരിച്ചു. സാദ്യൂത് ഗോസ്പെൽ ടീം ഗാനങ്ങൾ ആലപിച്ചു. ജനറൽ കൺവീനർ പാസ്റ്റർ. അജീഷ്. കെ. മാത്യു നന്ദി പ്രകാശിപ്പിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ. അനിൽ തിമോത്തി ട്രഷറർ: ബ്രദർ : സി. ജെ ഏബ്രഹാം, അസ്സോ. സെക്രട്ടറി : ബ്രദർ കെ. ജി. ജോയ്, മിഷൻ കോഡിനേറ്റർ : പാസ്റ്റർ : സി. സി. ജോൺ, കോഡിനേറ്റർ : ബ്രദർ : ജോസ് പി. റ്റി എന്നിവർ നേതൃത്വം നൽകി.

## വേർപാടുകൾ



**ഹൂസ്റ്റൺ:** അന്നമ്മ ഇടുക്കുള (63) ജനുവരി 11 ന് നിര്യാതയായി. തുമ്പമൺ തെക്കുവിളയിൽ റ്റി.എസ്. ഇടുക്കുളയുടെ സഹധർമ്മിണിയാണ്. കുഴിക്കാല പുളിൻതിട്ടയിൽ ഈശോ മറിയാമ്മ ദമ്പതികളുടെ മകളാണ് അന്നമ്മ. ദീർഘനാൾ ചെന്നൈയിൽ താമസമായിരുന്നു. മക്കൾ റെജി (ഹൂസ്റ്റൺ), ജിജി (ന്യൂഡൽഹി) മരുമക്കൾ ഫിന്നി രാജു (ഹൂസ്റ്റൺ) ഹാർവസ്റ്റ് ടി. വി. യു.എസ്.എ. സി.ഇ.ഒ., പ്രിൻസ് (ഡൽഹി) സംസ്കാരം ജനുവരി 17 ന് ഐ.പി.സി. എബനസർ ചർച്ചിൽ നടന്നു.



**അടൂർ:** ഇലവക്കാട്ട് ബഥേൽ ഹൗസിൽ ജി. മത്തായി (81) നിര്യാതനായി. സംസ്കാരം 14 ന് അടൂർ എ.ജി. സെമിത്തേരിയിൽ നടന്നു. മക്കൾ: ഷീല, ഷാജി, ഷിബു. മരുമക്കൾ: ജി. സമുവേൽ, മിനി, നിഷാ ബേബി.

**ഏറ്റവും പുതിയ വാർത്തകൾ അറിയാൻ**

**swargeeyadwani.com**




മോശ വാഗ്ദത്ത നാട് ദൂരെ നിന്നു കണ്ടത്
നെബോയുടെ മുകളിൽ നിന്നാണ്.
ആ കാഴ്ച നമ്മുടെയും കണ്ണുകൾക്ക് കുളിർമ നൽകുന്നു.

# വിശുദ്ധ നാട് യാത്ര

■ ഈജിപ്ത് ■ സീനായ് ■ ഇസ്രയേൽ ■ പാലസ്തീൻ ■ ജോർദ്ദാൻ



**ഈജിപ്ത്**
ഈജിപ്ഷ്യൻ മ്യൂസിയം, പിരമിഡുകൾ, സ്ഫിങ്ക്സ്, ആദ്യ നൂറ്റാണ്ടുകളിലെ ആരാധനാലയങ്ങൾ, നൈൽ നദിയിലൂടെ ബോട്ട് യാത്ര, സൂയസ് കനാൽ തീരത്തു കൂടി യാത്ര, മുൾപ്പടർപ്പ് സീനായ്മല, പത്തു കല്പനകൾ ലഭിച്ച സ്ഥലം.
**യിസ്രായേൽ – പാലസ്തീൻ**
യെരുശലേം നഗരം, ഒലീവ് മല, കർത്താവു പ്രാർത്ഥന പഠിപ്പിച്ച സ്ഥലം, ഓശാന വീഥി, ഗദ്സമനെ തോട്ടം, യേശു മുട്ടുകുത്തി പ്രാർത്ഥിച്ച പാറ. രണ്ടായിരം വർഷത്തിൽപരം പഴക്കമുള്ള ഒലിവ് വൃക്ഷങ്ങളും, **ബേത്‌ലഹേം** യേശുവിന്റെ ജന്മസ്ഥലം, ആട്ടിടയന്മാർക്ക് ദൂതന്മാർ പ്രത്യക്ഷമായ സ്ഥലം, യോഹന്നാൻ സ്നാപകന്റെ ജന്മസ്ഥലം,

**ഗോൽഗോഥാ, യെരിക്കോ, ബഥനി**
ബേദ്സെയ്ദാകുളം, ദാവീദ് രാജാവിന്റെ ശവകുടീരം, പരീക്ഷാമല, സക്കായി കർത്താവിനെ കാണാൻ കയറിയ അത്തിവൃക്ഷം, മർക്കോസിന്റെ മാളികമുറി, ബെഥെനിയിൽ മറിയയുടെയും മാർത്തയുടെയും ഭവനം, ലാസറിനെ ഉയിർപ്പിച്ച കല്ലറ, **ചാവുകടൽ**, യേശു കുരിശും ചുമന്നുപോയ വഴി, പീലാത്തോസ് വിധിപ്രസ്താവിച്ച മന്ദിരം, മുൾക്കിരീടം ചൂടിയയിടം, കുരിശിന്റെ വഴിയിലെ പതിന്നാല് സ്ഥലങ്ങൾ, യേശുവിനെ കുരിശിൽ തറച്ച സ്ഥലം, തലയോടിടം, *കർത്താവിനെ അടക്കിയ കല്ലറതോട്ടത്തിൽ ആരാധന*, കർത്താവുയിർത്തെഴുന്നേറ്റ കല്ലറ.

**സിയോൻ, നസ്രത്ത്, കാന, യോർദ്ദാൻ നദി**
ഗബ്രിയേൽ ദൂതൻ മറിയയ്ക്കു പ്രത്യക്ഷപ്പെട്ട സ്ഥലം, യോസഫിന്റെയും മറിയയുടെയും ഭവനം, യോസഫിന്റെ പണിശാല, യേശു ബാല്യകാലം ചിലവിട്ട സ്ഥലങ്ങൾ. പച്ചവെള്ളത്തെ വീഞ്ഞാക്കിയ കാനായിലെ കല്യാണവീട്, താബോർ മല, യേശു സ്നാനമേറ്റ യോർദ്ദാൻ നദി.
**ഗലീല തടാകത്തിൽ ബോട്ടുയാത്ര**
പരസ്യ ശുശ്രൂഷ ആരംഭിച്ച കഫർന്നഹൂം, ഗിരിപ്രഭാഷണമല, യേശു വെള്ളത്തിനു മീതെ നടന്ന ഗലീല തടാകത്തിലൂടെ ബോട്ടുയാത്ര.
**ജോർദ്ദാൻ നെബോ പർവ്വതം**
മോശെ അവസാനമായി വാഗ്ദത്ത നാട് ദർശിച്ച നെബോ പർവ്വതം.

കൂടുതൽ വിവരങ്ങൾക്ക്:

## ഫിന്നി പി. മാത്യു

ഫോൺ : 9447593865

ന്യൂഡൽഹി, മുംബൈ, ബാംഗ്ലൂർ, കൊച്ചി എന്നിവിടങ്ങളിൽ നിന്നും യാത്രാസംഘങ്ങൾ.

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!.

അടുത്തയാത്ര ഏപ്രിൽ 3

പ്രത്യേകതകൾ....

▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ ▸▸ ഷോപ്പിംഗ് അവസരങ്ങൾ ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.



# ചിൽഡ്രൻസ് ഫെസ്റ്റ് തീം റിലീസ് ചെയ്തു

**തിരുവല്ല:** തിമഥി ഇൻസ്റ്റിട്യൂട്ടിന്റെ വെക്കേഷൻ സിലബസായ ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഏറ്റവും പുതിയ തീം വണ്ടർ റൈഡ് പ്രകാശനം ചെയ്തു. തിമഥി ഓഫീസിൽ കൂടിയ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പാസ്റ്റർ റെജി മൂലേടം, ജോൺസൻ ഫിലിപ്പോസിന്(ടെന്നസി) നല്കിയാണ് ലോഗോ പ്രകാശനം ചെയ്തത്. തുടർന്നു നടന്ന യോഗത്തിൽ സാലു വർഗ്ഗീസ് തീം അവതരിപ്പിച്ചു. ബിജു ഈപ്പൻ, ഏബ്രഹാം ഫിലിപ്പോസ് എന്നിവർ പ്രസംഗിച്ചു.

മദ്ധ്യവേനൽ അവധിക്കാലത്ത് കേരളത്തിലുടനീളം ആയിരക്കണക്കിന് കുഞ്ഞുങ്ങൾക്ക് യേശുവിനെ പകർന്നു നല്കുന്ന ശുശ്രൂഷക്കായി വിപുലമായ ക്രമീകരണങ്ങളാണ് ചെയ്തിരിക്കുന്നത്. വ്യത്യസ്തമായ പഠനരീതിയും സൂപ്പർ ഹിറ്റ് ഗാനങ്ങളും, കഥകളും, ഗെയിമുകളും, വാക്യ പഠനവും, ക്രാഫ്റ്റ് വർക്കുകളും, വർക്കു ബുക്കുകളും, മിഷനറിമാരുടെ ജീവിത അനുഭവങ്ങളും ഫെസ്റ്റിന്റെ ദിനങ്ങൾക്ക് നിറം പകരും. ഫെബ്രുവരി മാസത്തിൽ മലബാർ മേഖലയിലെ ഏകദിന ട്രെയ്നിംഗുകൾക്കുശേഷം, മാർച്ച് 3,4 തിരവനന്തപുരം, മാർച്ച് 10,11 കൊട്ടാരക്കര, മാർച്ച് 17,18 എറണാകുളം, മാർച്ച് 24,25 തിരുവല്ല, എന്നീ മേഖലകളിൽ ദ്വിദിന മാസ്റ്റേഴ്സ് ട്രെയ്നിംഗുകൾ നടക്കും. കൂടാതെ എല്ലാ ജില്ലകളിലും ഏകദിന ട്രെയ്നിംഗുകളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും ചിൽഡ്രൻസ് ഫെസ്റ്റ് ബുക്കിഗിനും ബന്ധപ്പെടുക: 9656217909, 9745647909.

# പിസിഎൻഎകെ പ്രൊമോഷണൽ മീറ്റിംഗ് ആരംഭിച്ചു

രാജൻ ആര്യപ്പള്ളിൽ




**ഓഹായോ:** അമേരിക്കയിലെ ഒഹായോ സ്റ്റേറ്റിൽ കൊളംബസ് പട്ടണത്തിൽ ജൂൺ 29 മുതൽ ജൂലൈ 2 വരെ നടക്കുന്ന മുപ്പത്തിയഞ്ചാമത് പിസിനാക്കിന്റെ പ്രഥമ പ്രഖ്യാപന യോഗം ലോങ് ഐലൻഡിൽ എല്മോണ്ടിലുള്ള ഫസ്റ്റ് ചർച്ച് ഓഫ് ഗോഡ് ഓഡിറ്റോറിയത്തിൽ നവംബർ 27 ന് നടന്നു. പാസ്റ്റർ ഏബ്രഹാം ഈപ്പൻ അധ്യക്ഷത വഹിച്ചു.

നിരവധിയാളുകൾ പങ്കെടുത്ത ആത്മീയ സംഗമത്തിൽ ഭാരവാഹികൾ കോൺഫൻസിന്റെ നടത്തിപ്പിനെകുറിച്ച് വിശദീകരിച്ചു. കോൺഫറൻസിൽ വലിയ ഉണർവ് പ്രതീക്ഷിക്കുന്നതായി കൺവീനർ പാസ്റ്റർ ടോമി ജോസഫും, മെച്ചപ്പെട്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നതായി സെക്രട്ടറി ജെയിംസ് ഏബ്രഹാമും, രജിസ്റ്റർ ചെയ്യുന്നവർക്ക് പല രീതിയിലുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും ട്രഷറാർ സാക് ചെറിയാനും പറഞ്ഞു.

യുവജനങ്ങൾക്കായി പല പ്രത്യേക പരിപാടികളും ഉണർവ് യോഗങ്ങളും സംഗീത ശുശ്രൂഷയും ക്രമീകരിച്ചിട്ടുണ്ടെന്ന് യൂത്ത് കോർഡിനേറ്റർ ജോഷിൻ ഡാനിയേൽ അറിയിച്ചു.

കോൺഫറൻസിന്റെ മൊബൈൽ ആപ്പിളിക്കേഷന്റെയും ചർച്ച് സ്പോൺസർഷിപ്പിന്റെയും ജനറൽ സ്പോൺസർഷിപ്പിന്റെയും രജിസ്ട്രേഷന്റെയും ഉദ്ഘാടനം പാസ്റ്റർമാരായ വിത്സൻ ജോസ്, ജേക്കബ് ജോർജ്, ജോൺ തോമസ് എന്നിവർ നിർവഹിച്ചു.

പാസ്റ്റർ വിത്സൻ വർക്കി ദൈവവചനം പ്രസംഗിച്ചു. ഇവാഞ്ചലിസ്റ്റ് എബിയുടെയും, ബ്രദർ സോണിയുടെയും നേതൃത്വത്തിൽ ഗാനശുശ്രൂഷ നടന്നു.




ഏറ്റവും പ്രചാരമുള്ള പെന്തെക്കോസ്തു വാർത്താ പത്രിക

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

വരിസംഖ്യ

India Rs. 150
Gulf Rs. 1500
USA $ 40
UK £ 20

**Editorial Office:**
P.O. Box #35,
Adoor Shopping Complex
K.S.R.T.C. Jn., Adoor
Tel. : 04734 227686, 224701
e-mail: sdwoni@rediffmail.com
Mob. 9447593865

swargeeyadwani.com

REGISTERED NEWSPAPER
RGN. # KL/KTM/66/2015-2017
Published on 18th January 2017

# SWARGEEYADWANI
## CHRISTEEYA PATHRAM

SWARGEEYADWANI
Post Box #. 35
K.S.R.T.C. Jn., Adoor - 691 523, Kerala
Tel : 04734227686, 224701
Mob. 9447593865

Vol.15 Issue. 1 RNI. No. KERMAL 2002/9730 Annual Subscription 150 ₹ Pages 12




# ചെറുവക്കൽ കൺവൻഷൻ സമാപിച്ചു

**കൊട്ടാരക്കര:** ഇന്ത്യ പെന്തക്കോസ്ത് ദൈവ സഭ വേങ്ങൂർ സെന്ററിന്റെയും കിളിമാനൂർ ഏരിയയുടെയും ന്യൂ ലൈഫ് സെമിനാരിയുടെയും നേതൃത്വത്തിൽ നടന്ന 24 –ാ മത് ചെറുവക്കൽ കൺവൻഷൻ സമാപിച്ചു. ഡിസംബർ 18 ന് സെന്റർ പ്രസിഡന്റ് റവ. ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർ അജി ആന്റണി, പാസ്റ്റർ കെ.ജെ. തോമസ്, പാസ്റ്റർ ജോൺസൺ മേമന, പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ഒ.എം. രാജുകുട്ടി, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ സുരേഷ് ബാബു, പാസ്റ്റർ എം. എ. ജോൺ എന്നിവർ പ്രസംഗിച്ചു. 24 ന് ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ 53 വൈദിക വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനത്തിൽ എ. ജി. മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് റവ. വി.റ്റി. എബ്രഹാം അനുഗ്രഹ പ്രഭാഷണം നടത്തി. ഗ്രാഡുവേഷനോടനുബന്ധിച്ച് 100 സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം. തയ്യൽ മെഷീൻ വിതരണം എന്നിവ നടന്നു. ഞായറാഴ്ച രാവിലെ 8 ന് 60 സഭകളുടെ സംയുക്ത ആരാധനയിൽ പാസ്റ്റർ ജോൺ റിച്ചാർഡ് കർത്തൃമേശയ്ക്ക് നേതൃത്വം നൽകുകയും പാസ്റ്റർ എം.എ. ജോൺ മുഖ്യസന്ദേശം നൽകുകയും ചെയ്തു. ശാലേം വോയ്സ് ഗാനശുശ്രൂഷ നിർവഹിച്ചു. വിദേശത്തു നിന്നും സ്വദേശത്തു നിന്നും ആയിരങ്ങൾ ഈ യോഗത്തിൽ സംബന്ധിച്ചു. 25–ാമത് ചെറുവക്കൽ കൺവൻഷൻ 2017 ഡിസംബർ 24–31 വരെ സിൽവർ ജൂബിലി കൺവൻഷനായി നടത്തും.

# പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് പുതിയ ഭാരവാഹികൾ



തോമസ് വടക്കേക്കുറ്റ് | കെ. ഏബ്രഹാം | ഗ്ലാഡ്സൺ ജേക്കബ് | പാസ്റ്റർ ബേബി കടമ്പനാട്

**കോട്ടയം:** പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ ദേശീയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഡിസംബർ 29 ന് കോട്ടയം റ്റി.ബി.യിൽ നടന്ന വാർഷിക പൊതുയോഗത്തിൽ 2017–19 വർഷത്തേക്കുള്ള ദേശീയ ഭാരവാഹികളായി തോമസ് വടക്കേക്കുറ്റ് (ചെയർമാൻ), കെ. ഏബ്രഹാം (പ്രസിഡന്റ്), പാസ്റ്റർ കെ.എ. ഉമ്മൻ, പാസ്റ്റർ ജെ. ജോസഫ്, പാസ്റ്റർ വൈ. യോഹന്നാൻ–ജയ്പൂർ, (വൈസ് പ്രസിഡന്റുമാർ), ഗ്ലാഡ്സൺ ജേക്കബ് (ജനറൽ സെക്രട്ടറി), പാസ്റ്റർ ജോസ് അതുല്യാ, പി.സി. മാത്യു (ചെന്നൈ) (നാഷണൽ സെക്രട്ടറിമാർ), പാസ്റ്റർ ബേബി കടമ്പനാട് (ട്രഷറാർ), അജി കുളങ്ങര (പബ്ലിസിറ്റി കൺവീനർ), പി.ജി. ജോർജ്ജ് (ചാരിറ്റി കൺവീനർ), പാസ്റ്റർ എം.കെ. കരുണാകരൻ (പ്രെയർ കൺവീനർ), കെ.എം. റസൽ, ശീലാസ്കുട്ടി, ബിജു വർഗ്ഗീസ്, പാസ്റ്റർ ജോസ് ഐക്കരപ്പടി (എക്സിക്യൂട്ടീവ് അംഗങ്ങൾ). ഇവരെ കൂടാതെ 51 അംഗ കൗൺസിൽ അംഗങ്ങളും പ്രവർത്തിക്കുന്നു. പി.സി.ഐ. യുടെ യുവജന വിഭാഗം ആരംഭിക്കുവാനും വിവിധ തലങ്ങളിൽ പ്രയോജനപ്പെടുന്ന പ്രോജക്ടുകൾ നടപ്പിലാക്കുവാനും തീരുമാനിച്ചു. ഫോൺ 9447759873.







Printed, Published, Owned and Edited by : **Sheroy Joseph.** Printed at Mangalam Printing & Publishing Co. Kottayam. for Avanakulam Offset Press Karthigappally
Design & Typesetting GRAFIX Innovations, Thiruvalla. Ph :0469 -2631141. Managing Editor : **Joy Thumpamon**